
ദ്യുതി
G M H S S CU CAMPUS

# എഡിറ്റോറിയൽ

സാങ്കേതിക വിദ്യയിലൂടെ അഭൂതപൂർവമായ മുന്നേറ്റം കേരളം വിദ്യാഭ്യാസ മേഖലയിൽ കൈവരിച്ചിരിക്കുന്നു എന്നതിന്റെ സാക്ഷ്യപത്രമാണ് ഡിജിറ്റൽ മാഗസിനിലൂടെ ലിറ്റിൽ കൈറ്റ് തെളിയിക്കുന്നത്. ഇത് ഞങ്ങളുടെ സ്വപ്നങ്ങളുടെ സമാഹാരമാണ്. ഞങ്ങളുടെ ഇടയിൽ കഥയും കവിതയും വരയുമായി നടക്കുന്നവരുടെ കൂടിച്ചേരലിന്റെ ഭാഗമാണിത്. ഈ സംരംഭത്തിൽ ഞങ്ങൾ മുന്നിൽ വെക്കുകയാണ് "ദ്യുതി".

ഭൂമി പച്ചയാവട്ടെ. നമ്മളിൽ സ്വപ്നങ്ങൾ നിറയട്ടെ.....

# എഡിറ്റോറിയൽ ബോർഡ്

**എഡിറ്റർ**

ശിവദ എസ് 9.H

**അംഗങ്ങൾ**

1.ദിയ തെസ്ലി.സി –9.G
2.ഹുദ ഹനാൻ പി.വി –9.B
3.അനന്തകൃഷ്ണൻ–9.C
4.ലക്ഷ്മി ജയകുമാർ–9.E
5.അഷ്ന മറിയം ഷാലു –9.E
6.വർഷിണി.വി –9.E

**ഉപദേശകസമിതി**

1.പ്രമോദ് കുമാർ ഇ
2.ഹരീഷ് കുമാർ എ
3.സുഭാഷിണി സി
4.ജഗന്ദിനി എം

**സാങ്കേതിക സഹായം**

1.മുഹമ്മദ് സാനിദ്.കെ –9.G
2.ഗഗൻ ബി രാജ് –9.G

**മുഖചിത്രം**

മാളവിക–8.A

**ലേ ഔട്ട്&ഡിസൈനിങ്**

ദിയതെസ്ലി.സി –9.G




ഓരോ നിമിഷവും സാങ്കേതികവിദ്യയുടെ വിസ്ഫോടനം നടക്കുന്ന വർത്തമാന കാലഘട്ടത്തിൽ നമ്മുടെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ നിർമ്മിച്ച ഡിജിറ്റൽ മാഗസിനും അതിൽ ഭാഗഭാക്കായ മുഴുവൻ കുട്ടികൾക്കും ആശംസകൾ നേരുന്നു.

ബാലൻ വി

(Head master)

# ഉൾത്താളുകളിലൂടെ..

## കാമ്പസ് സ്കൂൾ- ലഘു ചരിത്രം

## കവിതകൾ


1. പുസ്തകം-ഹുദ ഹന്നാൻ
2. നിശാഗന്ധി -കവിത കോവൂർ
3. When silence speaks -Ashna mariam shalu
4. വിപ്ലവം- ആരോൺ സലിൽ
5. ചിരാത്- ആര്യാ അർച്ചന
6. ആശ്വാസം- മൃദുല കെ.വി
7. മരണം ഇടറുന്നു- രവീന്ദ്രൻ കച്ചീരി
8. अजनबी- सुभाषिणी
9. ബോധം- ഹുദാ ഹന്നാൻ
10. Drugs and LIFE- VARSHINI


## കഥകൾ


1. അ...പരിചിതം- ശിവദ.എസ്
2. കണ്ണ് തുറന്നപ്പോൾ- ആൻറിറു
3. അവസാനത്തെ അന്നം- വിനീതാ.സി
4. The Car- Gagan B Raj

5. बच्चू के पापा – विनीष् सी.ओ

## ലേഖനം

1. മനുഷ്യന് ഒരു ആമുഖം- ദിയ തെസ്നി.സി
2. ദൈവത്തിന്റെ ചാരൻമാർ- അഷിൻ അഹമ്മദ്.കെ.പി
3. ഒടുവിലെ യാത്ര- ജാനഫ്രോസ് മിർസ
4. ഊർജ്ജ പ്രതിസന്ധി- നന്ദന.എസ്.ബാബു
5. ദൈവത്തിന്റെ വിരൽ- എയ്ഞ്ചൽ ഗ്രേസ്റോയ്
6. വെടിയുണ്ടകൾക്ക് മുമ്പിൽ ഒരു ശലഭം- ദിയ തെസ്നി. സി
7. നിലമ്പൂർ തേക്കുകളെ നേരിൽ കണ്ടപ്പോൾ- അജ്മൽ ഷാക്കിർ
8. വീണ്ടും ചില പ്രളയ വിചാരങ്ങൾ-ശിവദ
9. നാദിയ മുറാദ്-ഹുദ ഹനാൻ
10. നൊമ്പര കാഴ്ച- ലക്ഷ്മി ജയകുമാർ
11. സറ്റീഫൻ ഹോക്കിങ്ങ്-ഗഗൻ ബി രാജ്
12. ടോട്ടോച്ചാൻ-ഗൗരി കൃഷ്ണ എം

13. പ്രളയം നമ്മെ പഠിപ്പിച്ചതെന്ത്?- ശ്രീനന്ദ് സുധീഷ്

14. ജ്ഞാന പീഠം അക്കിത്തത്തിന്-സോളമൻ ജെ.ജെ

15. വലയ സൂര്യഗ്രഹണം- ഷാരോൺ ജെ.ജെ

16. GERONIMO STILTON- GAGAN.B.RAJ

17. वृद्धाश्रम -एक सांस्कृतिक चुनौती-पुष्पा.सी.वी

സാഹിത്യ ക്വിസ്-നവനീത് കൃഷ്ണ

QUOTES- GAGAN B RAJ

# കാമ്പസ് സ്കൂൾ: ലഘു ചരിത്രം

1971 JUNE 18ാം തിയ്യതി നിലവിൽ വന്ന ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളാണ് ഇന്നത്തെ മോഡൽ ഹയർസെക്കണ്ടറി സ്കൂൾ.

ഒന്നാം ക്ലാസുമുതൽ 7ാം ക്ലാസുവരെയുള്ള ഈ സ്കൂളിൽ ആകെ 100-ഓളം വിദ്യാർത്ഥികളെ അപ്പോൾ സ്കൂളിൽ ഉണ്ടായിരുന്നുള്ളൂ.1972-73 ൽ 8ാം ക്ലാസും അടുത്ത വർഷം ആദ്യത്തെ SSLC ബാച്ചും നിലവിൽ വന്നു. 2000 ലാണ് ഹയർ സെക്കണ്ടറി വിഭാഗം നിലവിൽ വന്നത്. ആദ്യത്തെ പ്രധാനാധ്യാപകൻ ശ്രീ എം അവറാൻമാസ്റ്ററും, ആദ്യത്തെ പ്രധാനധ്യാപിക ശ്രീമതി മേരി ജോർജ്ജും ആയിരുന്നു.

ഇന്നത്തെ ഹൈസ്കൂൾ വിഭാഗം പ്രധാനക്കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിലെ പടിഞ്ഞാറെ അറ്റത്തുള്ള നാല് ക്ലാസ് മുറികളും, മദ്ധ്യത്തിൽ തെക്കോട്ടുള്ള ഭാഗവും ഇന്നത്തെ സ്റ്റാഫ് റൂമുകളും മാത്രമേ തുടക്കത്തിൽ പൂർണ്ണമായും പണിതീർന്ന് പ്രവർത്തനയോഗ്യമായിരുന്നുള്ളൂ. പിന്നീട് PTA യുടെയും മറ്റും പ്രവർത്തഫലമായി ഇന്ന് കാണുന്ന ഓടിട്ട കെട്ടിടങ്ങളിൽ പലതും നിലവിൽ വന്നു. ശ്രീമതി മേരി ജോർജ്ജിന്റെ കാലഘട്ടത്തിലെ അധ്യാപകരുടെ സംഭാവനയാണ്. ഇപ്പോഴത്തെ നമ്മുടെ സ്റ്റേജിന്റെ അടിത്തറ. അതിന്റെ മുൻവശത്ത് രണ്ട് വശത്തുമായി നിൽക്കുന്ന നൃത്തരൂപങ്ങൾ ഇവിടുന്ന് ചിത്രകലാദ്ധ്യാപകനായി വിരമിച്ച സോമനാഥൻ മാസ്റ്ററുടെ കരവിരുതാണ്. എന്നാൽ സ്റ്റേജിന്റെ മുൻവശത്തെ ആർച്ച്, മേൽക്കൂര തുടങ്ങിയവയെല്ലാം പിന്നീട് നിർമ്മിച്ചതാണ്.

രണ്ടാമത്തെ പ്രധാനാധ്യാപകൻ ശിവരാമൻ മാസ്റ്ററിന്റെ കാലത്താണ് സ്കൂളിന് മോഡൽ ഹൈസ്കൂൾ എന്ന സ്ഥാനം ലഭിച്ചത്. ഈ കാലത്ത്

തന്നെയാണ് തിരൂർ വിദ്യാഭ്യാസ ജില്ലയുടെ ശാസ്ത്രമേള നമ്മുടെ സ്കൂളിൽ നടന്നതും സ്കൂളിന് ഒന്നാം സ്ഥാനം ലഭിച്ചതും.

1989 ലാണ് LP വിഭാഗം ഹൈസ്കൂൾ സെക്ഷനിൽ നിന്നും വേർതിരിച്ച് പ്രത്യേക സംവിധാനമാക്കിയത്. സ്കൂൾ ചുറ്റമതിൽ നിർമ്മിച്ചതും ഇപ്പോഴത്തെ ഹയർസെക്കണ്ടറി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായതും ശ്രീ ഗണേഷൻ PTA പ്രസിഡണ്ടായിരുന്ന കാലത്താണ്. 2014 മുതൽ 2016 വരെ നിലവിലിരുന്ന PTA യുടെ ശ്രമഫലമായി നിരവധി വികസന പ്രവർത്തനങ്ങൾ സ്കൂളിൽ നടത്താൻ കഴിഞ്ഞിട്ടുണ്ട്. പത്മശ്രീ പി.ടി ഉഷ സ്കൂളിന്റെ ഗുഡ്വിൽ അംബാസഡറായി സ്ഥാനമേറ്റത് ഈ കാലത്താണ്. സ്കൂൾ പാചകപുര നിർമ്മിച്ചതും UP വിഭാഗത്തിന്റെ കെട്ടിടം ഉപയോഗിച്ചാണ്. കൂടാതെ കമ്പ്യൂട്ടറുകളും 200 ഓളം ഡസ്കും ബെഞ്ചുകളും ജില്ലാ പഞ്ചായത്തിൽ നിന്ന്



തുടക്കത്തിൽ സ്കൂളിന്റെ പേരെഴുതിയ മാനം സ്ഥാപിച്ചതും, കാലിക്കറ്റ യൂണിവേഴ്സിറ്റി പൊതുജനങ്ങൾക്കായി സ്പോൺസർമാരെ കണ്ടെത്തി 2 ബസ് കാത്തിരിപ്പുകേന്ദ്രങ്ങൾ സ്ഥാപിച്ചതും ഈ കാലത്തെ PTA യുടെ ശ്രദ്ധേയമായ നേട്ടങ്ങളായിരുന്നു.

# മനുഷ്യന് ഒരു ആമുഖം

കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചു




സുഭാഷ് ചന്ദ്രന്റെ ആദ്യ നോവൽ. നൂറ് വർഷത്തിന്റെ കാലപരിധിക്കുള്ളിൽ നിന്ന് കൊണ്ട്, കേരളീയമായ കുറേ അനുഭവങ്ങളെയും അനുഭൂതികളെയും തച്ചനക്കര എന്ന സാങ്കൽപ്പികഗ്രാമത്തിന്റെ ഭൂമികയിലേക്ക് ഒതുക്കിയെടുക്കുകയാണ് അദ്ദേഹം ചെയ്തിരിക്കുന്നത്. ആലുവാ മാർത്താണ്ഡ വർമ പാലത്തിന്റെ പടിഞ്ഞാറ് പെരിയാറിന്റെ മടിത്തട്ടിൽ ഉളിയന്നൂരിനക്കരെ തോട്ടുക്കരക്കും ഏലൂർക്കരയ്ക്കും മംഗലപുരയ്ക്കും ഇടയിലുള്ള ദേശമായി ആ ഗ്രാമത്തെ അടയാളപ്പെടുത്തുമ്പോൾ തച്ചനക്കര എന്ന സാങ്കൽപ്പികഗ്രാമം ആർക്കും സംശയം തോന്നാത്ത വിധത്തിൽ യാഥാർത്ഥ്യത്തിലേക്കെത്തിച്ചേരുന്നു. മണൽ പുറത്തെ ശിവരാത്രിയും, പുതുവാശ്ശേരിയിലെ ഇഷ്ടികക്കളങ്ങളും കണിയാൻകുന്നും, യു.സി കോളേജ‌ുമെല്ലാം ഗൂഗിൾ മാപ്പിലെന്ന പോലെ പരന്നുകിടക്കുകയാണ്. തച്ചനക്കരയിലെ അയ്യാട്ടുമ്പിള്ളിയെന്ന നായർ തറവാട്ടിലെ ഇളമുറക്കാരനായ ജിതേന്ദ്രന്റെ സ്വാഗതാഖ്യാനമായാണ് കഥ വികസിക്കുന്നത്. ജിതേന്ദ്രൻ ,ഗോവിന്ദന്റെ അച്ഛൻ നാറാപ്പിള്ള അഥവാ നാരായണപ്പിള്ള എന്നിവരിലൂടെ ആ ആഖ്യാനം കടന്നു പോകുന്നു.

ധർമം, അർത്ഥം, കാമം, മോക്ഷം എന്നീ നാലു ഭാഗങ്ങളായാണ് നോവൽ എഴുതപ്പെട്ടിട്ടുള്ളത്.

1950 കൾ വരെ കേരളത്തിൽ സജീവമായി നില നിന്നിരുന്ന ജാതിതിരിവിന്റെ അവശിഷ്ടങ്ങൾ തച്ചനക്കരയിൽ പ്രകടമാണ്. നായരായതുകൊണ്ട്, ചട്ടമ്പി സ്വാമികൾ ശ്രീനാരായണ ഗുരുവിനെക്കാളും അയ്യങ്കാളിയേക്കാളും മഹാനാണ് എന്ന് വിശ്വസിക്കുന്നവനായിരുന്നു കേന്ദ്രകഥാപാത്രമായ നാറാപ്പിള്ള. എന്നാൽ അയൽപ്പക്കത്തെ വാടകവീട്ടിൽ താമസിച്ചിരുന്ന മേനോൻ മാഷ് "ശർക്കരക്ക് മധുരോണ്ടെന്ന് വാദിക്കാൻ പഞ്ചസാരക്ക് മധുരോല്ലെന്ന് വാദിക്കേണ്ടതില്ല "എന്ന പക്ഷക്കാരനായിരുന്നു. ഇന്നത്തെ തലമുറയ്ക്ക് കൂർക്കോം കാട്ടോം തിരിച്ചറിയില്ലെന്ന് പരിതപിക്കുന്ന നാറാപ്പിള്ളക്ക് തന്റെ മൂത്തമകൻ ഈഴവവിഭാഗത്തിൽ പെട്ട സുലോചനയെ വേളി കഴിക്കുന്നത് തടയാനായില്ല. മാത്രമല്ല മതത്തിലും ജാതിയിലുമൊന്നും വിശ്വാസമില്ലാത്ത മാർക്സിസ്റ്റുകാരനായ കുമാരനും ശങ്കരനും നാറാപ്പിള്ളയുടെ പെൺമക്കളായ തങ്കമ്മയെയും ചിന്നമ്മയെയും സ്വന്തമാക്കിയപ്പോൾ നോവൽ നാറാപ്പിള്ളയുടെ ജാതി വിചാരത്തെ പ്രതിരോധിക്കുകയായിരുന്നു.



പൂർണവളർച്ചയെത്തും മുമ്പ് മരിച്ചു പോകുന്ന ഒരേയൊരു ജീവിയാണ് മനുഷ്യൻ, എന്ന് നോവലിൽ ഒരിടത്ത് പറയുന്നുണ്ട്. ജീവിതത്തിന്റെ അന്തസ്സത്ത മനസ്സിലാക്കാതെ വെറുതെയിങ്ങനെ ജീവിച്ചു പോകുന്നതിൽ കാര്യമില്ലെന്ന് അനുഭവപ്പെടുത്തുകയാണ് നോവൽ. കർക്കടക സംക്രാന്തിക്ക്

അരിപ്പൊടി കലക്കി വാതിലുകളിൽ കൈപ്പടങ്ങൾ പതിപ്പിക്കുന്ന അത്രയും ആചാരനിഷ്ഠമായി തന്റെ മരണവേളയിൽ നാറാപ്പിള്ള സ്വന്തം മലവും മൂത്രവും കൂട്ടിക്കുഴച്ച് മഞ്ഞക്കൈപ്പടങ്ങളുടെ മുദ്രകൾ സൃഷ്ടിച്ചത് ഇങ്ങനെയെങ്കിലും തന്റേതായ ഒരടയാളം ഭൂമിയിൽ അവശേഷിപ്പിച്ചു പോകാനുള്ള ആർത്തികൊണ്ടായിരുന്നു. നാറാ പിള്ളയുടെ മരണം അയ്യാപ്പിള്ളയുടേതിനേക്കാൾ എന്തുകൊണ്ടും നേർ ത്തതായിരുന്നു. ജിതേന്ദ്രനിലേക്കെത്തുമ്പോൾ അത് പിന്നെയും നേർ ക്കുന്നു. പള്ളയിൽ ഒരിക്കിളിയായി തുടങ്ങിയ വേദനയുടെ മൂർ ദ്ധന്യത്തിൽ 54 കാരനായ ജിതൻ മരിക്കുമ്പോൾ എല്ലാ കടങ്ങളും വീട്ടി എല്ലാ ഉത്തരവാദിത്വങ്ങളും ഭംഗിയായി നിർവ്വഹിച്ച് അയാൾ 8ാം നിലയിൽ ഫ്ളാറ്റിൽ സ്വസ്ഥനായി ഇരുന്ന് റമ്മും കശുവണ്ടിപ്പരിപ്പും ആസ്വദിക്കുകയായിരുന്നു.എങ്കിലും അടിമുടി സർഗാത്മകത നിറഞ്ഞ ആ മനുഷ്യൻ ഒന്നും ചെയ്യാതെ കാൽനൂറ്റാണ്ടോളം കാലം അങ്ങനെ കരിന്തിരി കത്തുകയായിരുന്നു. കൈവിരൽ മുറിച്ച ചോരയാൽ ജിതേന്ദ്രൻ ആൻമേരിക്കയച്ച അവസാനത്തെ കത്തിൽ അത് പ്രത്യക്ഷമാണ്.

"ഞാൻ തിന്നു, കുടിച്ചു, ഭോഗിച്ചു, ജീവിച്ചു, മരിച്ചു. മുടിയിലെ പേനിനെയും കാട്ടിലെ സിംഹത്തെയും പോലെ, അവയ്ക്കിടയിലെ ആയിരം മൃഗജാതികളെപ്പോലെ, പക്ഷേ, മനുഷ്യനെന്ന നിലയിൽ മരണത്തെ അതിജീവിക്കാൻ ഞാൻ എന്തു ചെയ്തു? ഇല്ല, എനിക്കു ത്തരമുണ്ടാവുകയില്ല. എന്റെ ഭാണ്ഡം ശൂന്യമായിരിക്കും, എന്റെ ഹൃദയവ ും.

ഒന്നുമില്ല പ്രഭോ ഞാൻ പറയും. പിന്നെ ചോദ്യവുമായി പ്രത്യക്ഷത്തിൽ ബന്ധമില്ലാത്ത ഒരു വാചകവും കൂടി കൂട്ടിച്ചേർക്കും.

ഒഴിഞ്ഞ ഹൃദയത്തെക്കാൾ ഭാരമേറിയതായി ഭൂമിയിലും നരകത്തിലും ഒന്നുമില്ല”. തീർന്നില്ല, ഒരു കത്തിൽ ജിതേന്ദ്രൻ എഴുതുന്നുണ്ട്. "ധീരന ും, സ്വതന്ത്രനും, സർവ്വോപരി സർഗാത്മകനുമായ മനുഷ്യശിശു അറു പതോ എഴുപതോ വർഷം കൊണ്ട് ഭീരുവും പരതന്ത്രനുമായിത്തീർന്ന് സ്വന്തം സൃഷ്ടിപരത വംശാഭിവൃദ്ധിക്കു വേണ്ടിമാത്രം ചെലവിട്ട് ഒടുവിൽ വൃദ്ധവേഷം കെട്ടിയ വലിയൊരു കുട്ടിയായി മരിച്ചു പോകു ന്നതിനെയാണ് മനുഷ്യജീവിതം എന്ന് പറയുന്നതെങ്കിൽ പ്രിയപ്പെട്ടവളേ മനുഷ്യനായി പിറന്നതിൽ എനിക്ക് അഭിമാനിക്കാൻ ഒന്നുമില്ല" എന്ന്. ഒരു ദർശനമാണിത്.

ജീവിതത്തിന്റെ അന്തസ്സത്തകൾ വായനക്കാരിലേക്ക് പകർന്നുതരു ന്ന സുഭാഷ് ചന്ദ്രൻ. ഏറെ ചിന്തിക്കാൻ പ്രേരിപ്പിച്ച ഒരു പുസ്തകം.


ദിയ തെസ്നി

9-G

ദ്യുതി

# പുസ്തകം

വായിച്ചുതീരാത്ത ഒരു തുറന്ന
പുസ്തകമുണ്ട് വീട്ടിൽ
പുലർന്നാൽ അടുക്കളയിലെ
പാത്രങ്ങളോട് സംസാരിക്കുന്ന
അലക്കു കല്ലിനോട് സങ്കടം പറയുന്ന
ആർക്കോ ഉള്ള മറുപടികൾ
വളർത്തുമൃഗങ്ങളോട് പറഞ്ഞുതീർക്കുന്ന
ബാക്കിവന്ന ഭക്ഷണം മാത്രം കഴിച്ച് ശീലിച്ച
നേരത്തെ എഴുന്നേറ്റ് വൈകിയുറങ്ങുന്ന
പരാതിയും പരിഭവും എന്തെന്നറിയാത്ത
താളുകളിൽ സ്നേഹം എഴുതി നിറച്ച ഒരു തുറന്ന പുസ്തകം
പിന്നെയും പിന്നെയും വായിക്കാൻ
തോന്നുന്ന പുസ്തകം.



ഹുദ ഹനാൻ
9B

GMHSS CU CAMPUS

# ദൈവത്തിന്റെ ചാരന്മാർ

'ദൈവത്തിന്റെ ചാരന്മാർ' ങാ ഹാ കൊള്ളാലോ! നല്ല പേര്. എന്നാൽ ഈ വാക്ക് 2019ൽ കേട്ടവർക്ക് മനസ്സിൽ 'സ്പാർക്കടിച്ച' ഒന്നാണ്. എല്ലാവരുടെയും ജീവിതത്തിലുമുണ്ടാകും. അവരെ നാം ഒരിക്കലും മറക്കില്ല. അല്ലെങ്കിൽ മറക്കരുത്. നമ്മുടെ ജീവിതത്തിൽ ദൈവം നിയോഗിച്ച ചിലരുണ്ടാകും. ചിലപ്പോൾ നമ്മൾ അവരെ ഒറ്റ തവണയെ കാണൂ. ചിലപ്പോൾ അവർ ഒപ്പം കൂടും. അത്തരം ചിലർ എനിക്കുമുണ്ട്. എന്റെ ആത്മാവിന്റെ പുസ്തകത്താളിലെ മയിൽ പീലിക്കൊപ്പം ഞാൻ സൂക്ഷിക്കുന്ന ഓർമകൾ. എന്നു പറയുമ്പോൾ മരണത്തിൽ നിന്ന് രക്ഷപ്പെടുത്തിയതുമല്ല.



ജീവിതത്തിൽ എന്നെ അരക്കിറുക്കാനാക്കിയ ചിലർ. ജോസഫ് വിളിച്ചപോലെ ഞാൻ അവരെയും "ദൈവത്തിന്റെ ചാരന്മാർ" എന്ന് വിളിക്കുന്നു. വളരെ കുറച്ച്പേർ മാത്രമാണ് എന്റെആത്മാവിനെ,ജീവിതലക്ഷ്യത്തിനുനേരെ, ആത്മീയമോക്ഷത്തിനുനേരെ കറക്കിവിട്ടത്. ഞാനൊരിക്കലും മറക്കാത്ത രണ്ടു ഉറ്റ സുഹൃത്തുക്കൾ. ജ്ഞാനപ്രോസും ബാസിലും. എന്നെ ജീവിതത്തെ എങ്ങനെ കാണണം എന്ന് തന്റെ കൃതിയിലൂടെ പഠിപ്പിച്ചു തന്ന, നേരിൽ കാണുമ്പോൾ 'ജോസേട്ടാ' എന്ന് സ്നേഹത്തോടെ വിളിക്കാൻ ആഗ്രഹിക്കുന്ന, ജോസഫ് അന്നം കുട്ടി ജോസ്, വായനയാകുന്ന റാന്തൽ വിളക്കിനെ എനിക്ക് തന്ന പ്രമോദ് മാഷ്, ദുൽഖർ സൽമാൻ അനശ്വരമാക്കിയ കഥാപാത്രം 'ചാർലി'.

ദ്യുതി

എനിക്ക് ആദ്യമായി ജോസഫിനെ പരിചയപ്പെടുത്തിയത്, ജ്ഞാനയാണ്. കൗമാരത്തിന്റെ ചപലതകൾ നിറഞ്ഞ എന്റെ മനസ്സിൽ വെളിച്ചം പകർന്ന ചിരാതായിരുന്നു അത്. എന്നെ മനസ്സിലാക്കി,എന്റെ ഉള്ളിലെ മനുഷ്യത്വത്തെയും കലയെയും മനസ്സിലാക്കിയവരാണ് അവനും ബാസിലും. എന്റെ പൊട്ട ബുദ്ധിയെ തകർത്ത് എന്നിലെ എന്നെ പൊടിതട്ടിയെടുത്തവർ. ഞങ്ങൾക്ക് മൂന്ന് പേർക്കും പ്രിയങ്കരരാണ് ചാർലിയ ും , ജോസഫും, പ്രമോദ് മാഷും. വായിക്കാൻ ഇഷ്ടമായിരുന്നു. എന്നാൽ യഥാർത്ഥ വായനയുടെ സുഖം പകർന്നു തന്നത് പ്രമോദ് മാഷും കവിത ടീച്ചറുമാണ്.

ബാസിൽ ചെറുപ്പത്തിൽ എന്നിൽ പ്രവേശിച്ച ഒരു ജിന്നാണ്. എന്നാൽ വലുതായി വന്നപ്പോഴാണ് ആ ജിന്ന് എന്നിൽ പ്രവർത്തിക്കുന്നു എന്ന് മനസ്സിലായത്. ഞാൻ എത്രയോ തെറ്റുകൾ ചെയ്തിട്ടുണ്ട്. എന്നിട്ടും എന്നിൽ പ്രതീക്ഷയർപ്പിച്ച് കൈവിടാതെ കൂടെ നടത്തിയവർ.

എല്ലാവരുടെയും ജീവിതത്തിലുമുണ്ട് അത്തരം ചിലർ. പല വേഷങ്ങളിൽ, ഭാവങ്ങളിൽ അവർ നമ്മെ കടന്നു പോകും. ആത്മാവിനെ ആഴത്തിൽ സ്പർശിച്ച് കടന്നുകളയും. ചിലപ്പോൾ ഒപ്പം
കൂടും. അവരെ മറക്കരുത് ഒരിക്കലും....

അഷിൻ അഹമ്മദ് കെ.പി
10 E

# അ ... പരിചിതം

രണ്ട് ദെവസം മുമ്പാണ് ഞാനിവിടെയെത്തിയത്. എന്തോ ഒരു രോഗായിരുന്നു. എന്താന്ന് കണ്ടുപിടിക്കുന്നതിനും മുമ്പ് ഠിം! ദേ കഴിഞ്ഞു എല്ലാം. പിന്നെന്താ നടന്നതെന്ന് അമ്മയാണെ സത്യം! ഒരോർമയ്യൂല്ല. എപ്പോഴോ ഞാനൊണർന്നു. ഒരൊറക്കം പോലെയേ തോന്നീള്ളൂ ട്ടോ! ആദ്യമോർമ്മ വന്നത് സ്ക്രൂളിപ്പോണ്ടേന്നാ!അമ്മ വന്ന് വിളിക്കുന്നത് വരെ കെടക്കാന്നും വിചാരിച്ചങ്ങനെ കെടന്നു. ഞാനങ്ങനെ ആലോചിക്കാൻ തൊടങ്ങി. വല്യച്ഛൻ തന്ന പുത്തൻ പേന എല്ലാവർക്കും കാട്ടികൊടുത്ത് ഞെളിയണം, കൂട്ടുകാരിയെ തല്ലിയ പീക്കിരിച്ചെക്കനെ കണ്ട് നാല് പറയണം... ഒരു ദെവസത്തെയിങ്ങനെ മെനഞ്ഞോണ്ടിരിക്ക്മ്പഴാ ഞാനെന്റെ കെടപ്പ് ശ്രദ്ധിച്ചത്. പൊതപ്പില്ല, കെടക്ക്ന്നത് വെറും മണ്ണിലും, മോളിലാണേല് ഇര്ട്ട് മാത്രം. ആദ്യം പേടിയായി. ഇതെങ്ങനെ ? പിന്നെയോർത്തോർത്ത് നിക്ക്മ്പഴാ കാര്യങ്ങൾടെ ഇരിപ്പ് വശം മനസ്സിലായത്.

എന്താന്ന് വച്ചാ ജീവിതത്ത്ന്ന് എന്നെയങ്ങ് തട്ടി. ആദ്യമൊരു തമാശയായിട്ടാ തോന്ന്യത്. പിന്നെയല്ലേ അതിന്റെയൊരു ഗൗരവം മനസ്സിലായത് ഹോ! എനിക്കിനി ഞാൻ മാത്രം. ഒറക്കെ കരയാൻ തോന്നി. എന്റെ സങ്കടം ഇത്രംണ്ടെങ്കില് അച്ഛനുമമ്മേം എത്ര കരഞ്ഞിട്ട്ണ്ടാവും. ഓർത്തപ്പോ പിന്നേം സങ്കടായി.

എത്രയോ സമയം കഴിഞ്ഞപ്പോ 2 കാലടിശബ്ദങ്ങളട്ത്ത് വര്ന്നത് ഞാൻ കേട്ടു. ഒരാള് തൊണ്ടയെടറി പറയ്കയാണ്: “ഈ പൂവ് അവൾടട്ത്ത് വച്ചിട്ട് ഞാൻ പോവും". മറ്റേയാള് ഒറക്കെ പറയ്ന്നു. ഇത് തന്റെ സ്ഥലമെങ്ങാനാണോ? ഇത് വല്യ ശല്യായല്ലോ. ആ, താ ഞാൻ വയ്ക്കും. ആദ്യത്തെയാൾ പറഞ്ഞു."അവളെന്റെ പൊന്നനിയത്തിയായിരുന്നു.ഈ ഉപകാരം ഞാൻ മറക്കില്യ.

"ആ ഒന്നു പോ!" കൊറച്ച് സമയം കൂടി ഒര് ആള്ടെ പിറ്പിറ്ക്കലുകള് കേട്ടു. പിന്നെയതുമില്ലാതായി.

അപ്പൊ എനിക്കെല്ലാം കൊറച്ചൂടെ മനസ്സിലായി. ഓർത്തോർത്ത് ഞാനൊന്ന് മയങ്ങീട്ട്ണ്ടാവും. എപ്പഴോ കണ്ണ് തൊറന്നപ്പോ എന്തൊക്കെയോ ശബ്ദം കേട്ടു. ഞാൻ പേടിച്ച് കെടന്നു. പിന്നെയെന്റെ കൊറേ മോളിന്നൊരു കൊട്ടുന്ന ശബ്ദം കേട്ടു. ഞാൻ ദൈവങ്ങൾടെയൊക്കെ പേരോർക്കാൻ ശ്രമിച്ചു. അപ്പഴാ എന്റെ സൊന്തം പേരെന്തായിര്ന്നൂന്ന് ഞാനാലോചിച്ചത്. അപ്പൊ എനിക്ക് ചിരിയാ വന്നത്. സൊന്തം പേരോർമ്മയില്ലാത്തോള് ദൈവത്തെ ഓർക്കുന്നു. പിന്നേം ഒരു കൊട്ടിന്റെ ശബ്ദം കേട്ടു. പിന്നെയിതും." എണീറ്റ് വന്നേ." ഞാനാകെ പേടിച്ചു. എന്തോ ധൈര്യത്തില് ചോദിച്ചു. "എന്നെയാണോ". "ആന്നേ". എന്റെ മേലേക്ക്, അല്ല എവിടേക്കോ ഒര് തണ്പ്പ് കയറി. ഇത്വരെ ഉള്ളതില് വച്ച് ഏറ്റവും പേടിയോടെ (ജീവനുള്ളോരുടെ ഭാഷേല് രക്തമൊറയ്ന്ന പേടി) ഞാൻ അടപ്പ് മാറ്റി പൊറത്തേക്കിറങ്ങി.

അവിടെയതാ മൊഖം നിറയെ ചിരിയുമായൊരമ്മൂമ്മ. അവര് പറഞ്ഞു."ഞാൻ കൊറേ കാലായി ഇവിടെ. കൊറച്ച് ദെവസം കഴിമ്പോ എല്ലാരുമായും കൂട്ടാവും". അതോടെയെന്റെ പേടിയൊക്കെ മാറി. എല്ലാര്ട്ത്തുമെത്തിയപ്പോ എനിക്കത്ഭുതമായി.. ഇവിടെ പെണ്ണ്ങ്ങള് മാത്രേള്ളൂ.! അമ്മൂമ്മ പറഞ്ഞു. "അതെന്താന്നറിയോ? ജീവിതത്തിലൊര്പാട് പേര്ടട്ത്ത്നിന്ന് കഷ്ടപ്പാട് സഹിച്ചൊരു സ്ത്രീ ഉണ്ടായിരുന്നു.കൊറേ കാലത്തിന് ശേഷം അവര് വല്യാളായി. അവര്ട ആഗ്രഹാ ഇത്-ഒര് വനിതാശ്മശാനം. മരിക്കുമ്പെഴെങ്കിലും പെണ്ണ്ങ്ങക്ക് പീഡനമില്ലാണ്ടാക്കാൻ. എനിക്കത് കൗതുകമായി. പക്ഷേ ഞാനിവിടെ? അപ്പൊ ഇവിടെ കുട്ട്യാളില്ലേന്ന് ഞാൻ ചോദിച്ചു. അപ്പൊ അവര് പറഞ്ഞു. "ല്ല ആദ്യായിട്ടാ ഒര് കുട്ടി! കളിച്ച് നടക്ക്ന്ന പ്രായത്തിൽ ഒരു സുന്ദരികുട്ട്യേ"...അവര് വിതുമ്പി. എന്റെ സന്തോഷൊക്കെ പോയി. ശരിയാ കളിച്ച് നടക്ക്ന്ന കുട്ട്യായിരുന്നു. നെറയെ സൊപ്നങ്ങള്ള്ള കുട്ടി. സൊപ്

നങ്ങളില്ലാണ്ടാക്ക്ന്ന ദൈവത്തോട് അപ്പഴെനിക്ക് തീരാത്ത വെറുപ്പ് തോന്നി.

അപ്പഴാ കൂട്ടത്തില് പെടാതിരിക്കുന്നൊര് ചേച്ചിയെ ഞാൻ കണ്ടത്. ചേച്ചീട കയ്യിലൊരു പൂവുംണ്ടായിരുന്നു. അമ്മൂമ്മ പറഞ്ഞു."പുതിയ കുട്ട്യാ. ആരോടും മിണ്ടൂല". കൊറച്ച് ദിവസത്തിനുള്ളില് ചേച്ചീടതൊഴിച്ചെല്ലാര്ടേം കൂട്ടായി ഞാൻ. പകലിനെ സഹിച്ച് ഞങ്ങള് രാത്രീടെ തണുപ്പു കാത്തു. അപ്പഴും ഞാനാ ചേച്ചിയെ നോക്കി. ആ ചേച്ചീട കൈയിലപ്പഴുമുണ്ടായിര്ന്ന വാടാത്ത പൂവെന്നെയമ്പരപ്പിച്ചു. ഒരിക്കൽ ഞാൻ ചോദിച്ചു. ആ പൂവാര് തന്നതാ? എനിക്ക് തര്വോ? നേർത്തൊരരുവീട ശബ്ദത്തിൽ ചേച്ചി പറഞ്ഞു. "അയ്യോ പറ്റില്ല്യ. അതെന്റേട്ടൻ തന്നതാ". പിന്നെ ഞങ്ങള് കൂട്ടായി. എന്നാലും ചേച്ചിയധികം സംസാരിച്ചിരുന്നില്ല. ഒര് ദിവസം ഞാൻ പിന്നേം ചോദിച്ചു. "എങ്ങനെയിവിടെയെത്തി?" എല്ലാരേം ഞെട്ടിച്ച് കടലായി ചേച്ചി പറഞ്ഞു. "അറിയണോ? കൊറേ മനുഷ്യമൃഗങ്ങള് കടിച്ച്കീറീതാ ഉം. ഞാനുമൊരു ഇരയായിര്ന്നു. എല്ലാരേം പോലെ ആദ്യമെനിക്ക് പേര് പോയി. പിന്നെ സ്വപ്നം സ്വാതന്ത്ര്യം.... വ്യക്തിത്വം പോവും ന്നായപ്പോ പോയവേടെ കൂട്ടത്തിലേക്ക് ഞാനെന്റെ ശരീരം വലിച്ചെറിഞ്ഞു." ഞങ്ങൾ മിണ്ടാനാവാതെ നിന്നു. രാത്രീട തണ്പ്പ് ഞങ്ങൾക്ക് തീയായി തോന്നി. ഞങ്ങളൊക്കെ ആ ചേച്ചിയായി.

പിന്നെയൊരൊഴുക്കായിര്ന്നു, ദുരിതങ്ങള്ടെ. ഒട്ട് മ ുക്കാലാളുകളും ആ ചേച്ചിയെ പോലെ. എല്ലാരും പരസ്പരം ആശ്വസിച്ചു, ആശ്വസിപ്പിച്ചു. രക്ഷപ്പെട്ടതിന് സന്തോഷിച്ചു. പക്ഷേ, ഞാനപ്പോ ഓർത്തത് അങ്ങനെയല്ലാത്ത എന്റെ അച്ഛനേം കൂട്ടുകാരെയുമൊക്കെയായിര്ന്നു. അതറിഞ്ഞ പോലെ ചേച്ചി പറഞ്ഞു. "എല്ലാരേം കുറ്റപ്പെടുത്തുകയല്ല. അങ്ങനെയല്ലാത്ത ഒരുപാട് പേരുണ്ട് എന്താണെങ്കിലും നമ്മളെ സ്നേഹിക്കുന്നോര്. എനിക്കെന്റെ ഏട്ടനെപ്പോലെ." എന്നിട്ട് ചേച്ചി ആ പൂവ് നെഞ്ചോട് ചേർത്തു.

പിന്നെയെല്ലാ രാത്രികളും ഞങ്ങടെ മാത്രായി. ഞാനൊരു പെങ്കുട്ട്യാന്നൊറക്കെ പറയാൻ തോന്നി. ഇതൊന്നും ചെലപ്പോ ജ്ജീവിതത്തിലുണ്ടാവൂലായിരുന്നൂന്നോർത്തപ്പോ ദൈവത്തോടെനിക്ക് മുമ്പൊന്നുമില്ലാത്തൊരിഷ്ടം തോന്നി. അപ്പൊ ഞാനാലോചിച്ചു. ദൈവോം ചെലപ്പോ പെണ്ണായിരിക്ക്യോ?

ശിവദ. എസ്
9H

# മരണം തുടരുന്നു

വീട്ടിൽ കസേരകൾ വാങ്ങിയതോടെ
കാൽമുട്ടുകൾ മരിച്ചു.
ബൈക്കും കാറും വാങ്ങിയതോടെ
കാലുകൾ മരിച്ചു.
മിക്സി വാഷിങ് മെഷീൻ വാങ്ങിയതോടെ
ഭാര്യയുടെ കൈകൾ മരിച്ചു.
മൊബൈലും കമ്പ്യൂട്ടറും വാങ്ങിയതോടെ
കണ്ണുകൾ രണ്ടും മരിച്ചു.
പണവും പത്രാസും വന്നതോടെ
ബന്ധവും സ്വന്തവും മരിച്ചു.
ഇനി മരിക്കാൻ ഞാനും എന്റെ
നിഴലും  മാത്രം

-രവീന്ദ്രൻ കച്ചീരി

# WHEN SILENCE SPEAKS

When the silence speaks
In the darkness of shadows

How sweet,
the loving stars may say
silence keeps you so sorrow,
the rustling of leaves
the rippling of streams


The angels may singing
through the darkness of silence
silence may hunt you
she slept in dark
and bloom with night
the darkness of silence
the brightness
darkness the companion of silence
but the brightness the murmuring

Be courage
Be a lion
Be a glooming star
Silence may shut forever..

Ashna Mariam Shalu
9 E

# ഒടുവിലെ യാത്ര

അന്നെനിക്ക് ഏകദേശം 13 വയസ്സ് പ്രായമുണ്ടായിരുന്നു. പരീക്ഷാ വിശ്രാന്തി കഴിഞ്ഞ് വേനലവധിയിൽ മനസ്സിനെ ഒന്നു കുളിരണിയിക്കാനായി പച്ചമാങ്ങകളുടെയും, പഴുത്തു നിൽക്കുന്ന തേൻവരിക്ക ചക്കകളുടെയും മണമുള്ള, എന്റെ നാട്ടിലോട്ട് ഞാൻ പോയി. വല്ലുപ്പയുടെയും വല്ലുമ്മയുടെയും കൂടെ ചിലവഴിച്ച ആ ദിനങ്ങളുടെ മധുരം ഇപ്പോഴും മനസ്സിൽ കെട്ടിനിൽക്കുന്നു.



അങ്ങനെയിരിക്കെ ഒരു രാത്രിയിൽ വല്ലുപ്പ തന്റെ വസ്ത്രങ്ങൾ ഇസ്തിരിയിടുന്നത് കണ്ട ഞാൻ ചോദിച്ചു

"നാളെ എങ്ങോട്ടാ പോവാനുള്ളത്?" "ഒന്ന് കോഴിക്കോട്ട് വരെ പോണം, അതിനാ ഇസ്തിരിയിടുന്നത്." ഇതുകേട്ടപാടെ ഞാൻ ചോദിച്ചു,
"ഞാൻ വരണോ, ഒരു സഹായമായിട്ട്?" ചോദ്യം തമാശയോടുകൂടെയുള്ളതും ഒരു വെറുംവാക്ക് പറയുന്ന നിസ്സാര ഗൗരവത്തിലുമായിരുന്നെങ്കിലും, "നിർബന്ധമില്ല, പിന്നെ നീ വന്നാൽ എനിക്കൊരു കൂട്ടാണ്"
എന്ന വല്ല്യുപ്പയുടെ മറുപടി എന്നിൽ ഗൗരവമുണർത്തി. അവസാനം പറഞ്ഞ വാക്ക് മനസ്സിൽ ഉരഞ്ഞ് ഒരു 'സ്പാർക്ക്' ഉണ്ടായി. എന്നാൽ പിന്നെ പോയിക്കളയാം, ഏതായാലും വെറുതെയിരിക്കുകയല്ലേ പ്രത്യേകിച്ച് പണികളൊന്നുമില്ല.ടി.വി.യും മറ്റു കളികളും, എന്തൊക്കെയായാലും ഒരു പരിധിയുണ്ടല്ലോ. ഞാൻ വരാം എന്ന് പറഞ്ഞു.

അടുത്ത ദിവസം രാവിലെതന്നെ ഞങ്ങൾ പുറപ്പെട്ടു. വല്ല്യുപ്പക്ക് കാലിന് ചെറിയ വീക്കം കുറച്ചു മാസങ്ങളായിട്ട് ഉണ്ടായിരുന്നു. അതിനു ചികിത്സ തേടുന്നുമുണ്ടായിരുന്നു. അത് തനിയെ മാറിക്കോളും എന്ന് ഡോക്ടമാർ പറഞ്ഞതിനാൽ അത്ര ഗൗരവത്തിൽ ഞങ്ങൾ കണ്ടില്ല. വല്ല്യുപ്പ പഴയ കെ.എസ്.ആർ.ടി.സി കണ്ടക്ടർ ആയിരുന്നു. അതിനാൽ കെ.എസ്.ആർ.ടി.സി ബസ്സിൽ തന്നെ പോയി. വല്ല്യുപ്പയുടെ പെൻഷൻ സംബന്ധിച്ച ഒരു ഓഫീസിലേക്കാണ് ആദ്യം പോയത്. കുറെ നേരം അവിടെ നിന്നശേഷം പിന്നെ നിസ്കാരത്തിനായി പള്ളിയിൽ പോയി. ശേഷം 'സാഗർ' ഹോട്ടലിൽ ഉച്ചഭക്ഷണം. വല്ല്യുപ്പയുടെ ഒരു വെള്ളക്കുപ്പായം 'ഡ്രൈ ക്ലീനിങ്ങി'നു കൊടുത്തത് തിരിച്ചു വാങ്ങാനുണ്ടായിരുന്നു. അതും വാങ്ങിച്ച ശേഷം ഞങ്ങൾ വീണ്ടും ഒരു കെ.എസ്.ആർ.ടി.സി. യാത്ര തുടർന്നു. തിരിച്ചു

നാട്ടിലെത്തിയ ശേഷം ഒരു ബേക്കറിയിൽ കയറി വീട്ടിലുള്ള വല്ല്യുമ്മക്കും അനിയനും പലഹാരം വാങ്ങി വീട്ടിലെത്തി.

വെറുമൊരു സാധാരണ യാത്ര മാത്രമായിരുന്നില്ല അത്. വല്ല്യുപ്പയുടെ കൂടെയുള്ള എന്റെ അവസാന യാത്രയായിരുന്നു അതെന്നു ഞാൻ 2 മാസങ്ങൾക്കും ശേഷം കഴിഞ്ഞാണ് മനസ്സിലാക്കിയത്. കാലിലെ വീക്കം ചെറിയ ലക്ഷണമായിരുന്നു. വല്ല്യുപ്പയ്ക്ക് 'കാൻസർ' എന്ന മാരക രോഗം ബാധിച്ച വിവരം മനസ്സിലാക്കാൻ ഞങ്ങൾ വളരെയധികം വൈകിയിരുന്നു.

കൂടെ വരണോ എന്ന എന്റെ ആ ചോദ്യം ഒരു നിമിത്തമായിരുന്നു എന്ന് ഞാൻ മനസ്സിലാക്കി. വല്ല്യുപ്പാന്റെ 'ഒടുവിലത്തെ യാത്രക്കു മുൻപ് വല്ല്യുപ്പയുടെ കൂടെയുള്ള എന്റെ ഒടുവിലെ യാത്ര.'

ജുനഫ്രോസ് മിർസ

10 E

# WHEN SILENCE SPEAKS

When the silence speaks
In the darkness of shadows

How sweet,
the loving stars may say
silence keeps you so sorrow,
the rustling of leaves
the rippling of streams

The angels may singing
through the darkness of silence
silence may hunt you
she slept in dark
and bloom with night
the darkness of silence
the brightness
darkness the companion of silence
but the brightness the murmuring

Be courage
Be a lion
Be a glooming star
Silence may shut forever..

Ashna Mariam Shalu
9 E

# കണ്ണ് തുറന്നപ്പോൾ

ജനാലയ്ക്കപ്പുറം നീലിമയ്ക്ക് ലോകമില്ല. പക്ഷെ അവൾക്കറിയാം അവിടെ കാറ്റുണ്ട്, മഴയുണ്ട്, വെയിലുണ്ട്, നിറങ്ങളുണ്ട്, ചുവന്ന മണ്ണുണ്ട്,പച്ചപ്പുണ്ട്, പൂക്കളും സുഗന്ധവുമുണ്ട്... ഇപ്പുറമാണ് ഇരുട്ട്, എണ്ണമയമുള്ള ഇരുട്ട്.

പതിവുപോലെ ജനാലയ്ക്കഭിമുഖമായി അവൾ ഇരുന്നു. ഇളംകാറ്റ് അവളെ തഴുകി. ഉൾക്കണ്ണു കൊണ്ട് അവൾക്കെല്ലാം കാണാം. അന്ധർ, ഇരുട്ടാണ് കാണുന്നത് എന്ന് കാഴ്ചയുള്ളവർ ധരിച്ചുവച്ചിരിക്കുന്നു. എന്നാൽ, കണ്ണുള്ളവർ കാണുന്നതിനപ്പുറം കണ്ണില്ലാത്തവർ കാണും. എന്നല്ല, കണ്ണില്ലാത്തവർ കണ്ടിടത്തോളം കണ്ണുള്ളവർ കണ്ടിരിക്കുകയില്ല.

കരിയിലകൾ ഞെരിയുന്ന ശബ്ദം. ആരാണ് വരുന്നതെന്ന് പറയാതെ തന്നെ അവൾക്കറിയാം.

"നീലി....''രഘു വിളിച്ചു. ആ വിളിയിൽ പറയാതെ പറഞ്ഞ ഒത്തിരി കാര്യങ്ങളുണ്ടായിരുന്നു. കുറച്ചു കാലമായി രഘുവാണ് അവളുടെ കണ്ണ്. ചിലപ്പോൾ അവൾ രഘുവിന്റെ കണ്ണായി മാറാറുമുണ്ട്.

``നിനക്ക് ഞാൻ പുസ്തകം വായിച്ച് തരാം"

ആ പുസ്തകത്തിലൂടെ അവൾ സഞ്ചരിച്ചു. എണ്ണമയമുള്ള ഇരുട്ടിനപ്പുറത്തെ കാഴ്ചകൾ കണ്ടു. ഭൂമിയും ആകാശവും കണ്ടു. ഒടുവിൽ അതു വാങ്ങി അവൾ സ്പർശിച്ചു. താളുകൾ മറിച്ചു. വാക്കുകൾ, ചിത്രങ്ങൾ, അനുഭവങ്ങൾ തൊട്ടറിഞ്ഞു അവയുടെ നിറവും ഗന്ധവും ശബ്ദവും ആസ്വദിച്ചു. തിരിച്ചു നൽകിയപ്പോൾ ഒരു കണ്ണീർക്കണം പുറം ചട്ടയിൽ പതിച്ചു.

ആ നിത്യസന്ദർശകൻ യാത്ര പറഞ്ഞ് പിരിഞ്ഞു. ഓർമ്മകൾ അവളറിയാതെ പിന്നിലേക്ക് ഓടിപ്പോയി.

എന്താ കുട്ടിയുടെ പേര്? നഴ്സറി ടീച്ചർ ചോദിക്കുന്നു.

"നീലിമ"

"അതൊരു നിറമല്ലേ"

ശരിയാണ് ടീച്ചർ പറഞ്ഞത്. താനൊരു നിറമായിരുന്നു. ഇപ്പോൾ തനിക്കു മാത്രം നിറം നഷ്ടപ്പെട്ടിരിക്കുന്നു!

പിടിവാശിക്കാരിയായിരുന്നു താൻ. രഘുവാകട്ടെ ശാന്തസ്വഭാവിയും. വാക്കുകൾ വായിലല്ല, ഹൃദയത്തിലാണവൻ സൂക്ഷിച്ചിരിക്കുന്നത്.ഇന്നും സൂക്ഷിക്കുന്നത്.

അന്ന് മഴ വിട്ടുമാറി നിന്ന ദിവസമായിരുന്നു. പതിവിലേറെ സന്തോഷത്തിലാണ്. രഘുവിന്റെ അടുത്തേക്ക് കളിക്കാൻ പോയത്.

അന്നവന് എന്തോ വല്ലായ്ക ഉണ്ടായിരുന്നു. അത് മനസ്സിലാക്കാൻ കഴിഞ്ഞില്ല.

"ഇന്ന് അക്ക് കളി വേണ്ട. സാറ്റ് കളി മതി"

-താൻ നിർദ്ദേശിച്ചു.

"ഞാനില്ല"

അന്നാദ്യമായി രഘു അങ്ങനെ പറഞ്ഞത്. താൻ കരയുന്നതു കണ്ടപ്പോൾ അവൻ പറഞ്ഞു. "ഞാൻ വരാം."

രഘുവാണ് എണ്ണുന്നത്. എവിടെ ഒളിക്കും? ചായ്പിനടുത്ത് ഒരു വിടവുണ്ട്. അതിൽ കയറിയിരുന്നാൽ അവൻ കണ്ടുപിടിക്കില്ലെന്നാണ് കരുതിയത്. പക്ഷെ അവനതാ അങ്ങോട്ട് വരുന്നു. താൻ പൊടുന്നനെ എണീറ്റോടി സാറ്റ് വിളിക്കാൻ. കല്ലുവെട്ടാം കുഴിക്കരികിലൂടെയാണ് ഓട്ടം. കാല് തട്ടിയത് ഓർമ്മയുണ്ട്.

കുറെപേർ അടുത്തുണ്ടെന്ന് സംസാരം കൊണ്ട് മനസ്സിലായി. പതുപതുത്ത ഒരു കിടക്കയിലാണ് താൻ. ദേഹമാസകലം കഠിനമായ വേദന! എന്താണ് സംഭവിച്ചത്? ഓർമ്മ വരുന്നില്ല. ഏറെ ആയാസപ്പെട്ട് കണ്ണു തുറന്നു. ഒന്നും കാണുന്നില്ല! ശുദ്ധ ശൂന്യത!

"അമ്മേ." താൻ നിലവിളിച്ചു.

"മോള് കരയണ്ട. എല്ലാം ഭേദമാകും."

രണ്ടാഴ്ച ഒരേ കിടപ്പ്. രണ്ട് നൂറ്റാണ്ടിന്റെ ദൈർഘ്യം തോന്നി. ഒടുവിൽ ഡോക്ടർമാർ വിധിച്ചു.

"ഹെർ സൈറ്റ് ഹാസ് ഗോൺ."

കണ്ണിനേറ്റ ക്ഷതമായിരുന്നു കാരണം.

ഇന്നു താൻ പതിനാറുകാരിയാണ്. കയ്പുനീർ കുടിക്കാൻ വിധിക്കപ്പെട്ട മധുരപതിനാറുകാരി.!

പിറ്റേന്നും രഘു വന്നു. "നീലി ഞാൻ നിനക്കു ബ്രെയ് ലിലിപി പഠിച്ചതാണ്, നിനക്ക് വേണ്ടി...."

രഘു അവളുടെ അടുത്ത് വന്നിരുന്നു. അവളുടെ വിരലുകൾ ഓരോ അക്ഷരത്തെയും സ്പർശിച്ചു. അക്ഷരങ്ങൾ അവൾക്ക് ആഹ്ലാദവും ഊർജവും പകർന്നു. വായനയുടെ വിസ്മയ ലോകത്തേക്ക് അവൾ പ്രവേശിക്കുകയായിരുന്നു.

"ഐ ട്രാൻസ്പ്ലാന്റേഷൻ ചെയ്താൽ മോൾക്ക് കാഴ്ച തിരിച്ചു കിട്ടാൻ സാധ്യതയുണ്ട്."

ഒരിക്കൽ അച്ഛൻ അമ്മയോടു പറയുന്നത് കേട്ടു.

തനിക്കു കണ്ണുകൾ കിട്ടണം. അതിന് ആരെങ്കിലും മരിക്കണം. വേണ്ട, ആ കാഴ്ച തനിക്കു വേണ്ട.

"കണ്ണുകൾ നിന്നെ തേടി വന്നാലോ."

രഘു ഒരിക്കൽ ചോദിച്ചു. പക്ഷെ അന്ന് അവൾക്ക് അതിന്റെ അർത്ഥം മനസ്സിലായില്ല.

മാർക്കറ്റിലേക്കാണ് അവൻ പോയത്. വീട്ടുസാധനങ്ങൾ വാങ്ങാൻ. കുറേ കൗതുക വസ്തുക്കളും. ഇനി ഒരു ഗണപതിവിഗ്രഹം കൂടി വാങ്ങണം. നീലിക്കു കൊടുക്കാൻ. അവൻ കട ലക്ഷ്യമാക്കി നടന്നു. പിന്നിൽ നിന്ന് വന്ന ബസ്സിടിച്ച് അവൻ തെറിച്ചു വീണു, ദേഹം ചോരയിൽ കുളിച്ചു. ജീവൻ പിടഞ്ഞു......

**********

നീലി മെല്ലെ കണ്ണ് തുറന്നു. അവൾക്കിപ്പോൾ കാണാം. എല്ലാം കാണാം. പക്ഷെ താൻ പൂർവ്വാധികം അന്ധയായതുപോലെ നിറങ്ങൾ മാഞ്ഞിരിക്കുന്നു! ശേഷിച്ചത് ഇരുട്ട്.....ഇരുട്ട് മാത്രം!

ആൻറിറ്റ
10 G

ഉപന്യാസം

**ഭാരതം:**

# ഊർജപ്രതിസന്ധി

ഭാരതത്തെ പോലുള്ള ഒരു വികസ്വരരാജ്യം നേരിടുന്ന കനത്ത വെല്ലുവിളിയാണിത്. ഊർജത്തിന്റെ ഉറവിടങ്ങളായാലും ഒരു രാഷ്ട്രത്തിന്റെ സകല വികസന മേഖലകളെയും ഇത് ബാധിക്കും എന്നതിൽ സംശയമില്ല. ഉറവിടം, വിതരണം, ഉപയോഗം ഇവയൊക്കെ സന്ധിയും പ്രതിസന്ധിയുമാണ്. ഇത് ഒരു സാമൂഹിക പ്രശ്നമാണ്; സാമ്പത്തിക പ്രശ്നമാണ്. സർവ്വോപരിയൊരു ജീവിത പ്രശ്നമാണ്.


'ഊർജം' എന്ന പദം വിരൽചൂണ്ടുന്നത് ഭൗതിക ശാസ്ത്രത്തിലാണ്. അതേ, ഭൗതിക ജീവിതത്തിന്റെ എല്ലാ അംശത്തിലും ഈ വിഷയം അധിവസിക്കുന്നു. നാം ഉപയോഗിക്കുന്ന വിറകു മുതൽ പെട്രോൾ അടക്കമുള്ള ഇന്ധനങ്ങൾ ഊർജസ്രോതസ്സാണ്.

$H_2O$ എന്ന ജലതൻമാത്രയിൽ ഈ പ്രപഞ്ചത്തെ പ്രകാശമാനമാക്കാനും ഈ ലോകജീവിതത്തെ ചലനാത്മകമാക്കാനും, നിർജീവയന്ത്രങ്ങളെ ഊർജപ്രസരിതമാക്കാനും കഴിവുണ്ടെന്ന് നമുക്കറിയാം. 'അഗ്നിർ മീളേ പുരോഹിതം' എന്ന് ഋഗ്വേദം പറയുമ്പോൾ ശിവന്റെ നെറ്റിയിൽ ഉള്ള ഊർജസ്രോതസ്സ് പുരാണപ്രസിദ്ധമാണ്.

ലോകമിന്ന് നേരിടുന്ന വലിയ പ്രതിസന്ധിയാണ് ഊർജനാശവും ഊർജക്ഷാമവും. നാം ഓരോരുത്തരും ഊർജത്തെ സംരക്ഷിക്കണം. അടുത്ത ഓരോ പുതുതലമുറയ്ക്കും ഇവിടെ ഊർജത്തിന്റെ ഉറവിടങ്ങൾ കണ്ടറിയാനും അവ

ജീവിത മുഹൂർത്തങ്ങളെ ധന്യമാക്കാനും കഴിയും വിധം നമ്മുടെ ഗവേഷണങ്ങൾ വികസിക്കണം.

കൊടികൾ മാറിവരുമ്പോഴുണ്ടാകേണ്ട അഴിമതികൾ കൊണ്ട് ഒരു പ്രതിസന്ധിയും മറയ്ക്കാനാവില്ല. ശാസ്ത്രസാങ്കേതികവിദ്യയും നാം ഓരോരുത്തരും ശ്രമിച്ചാൽ മാത്രം വിജയത്തിന്റെ കൊടികൾ അഭിമാനത്തോടെ ഉയർത്താം......



നന്ദന എസ് ബാബു
9–A

ദ്യുതി

# ദൈവത്തിന്റെ വിരൽ

എല്ലാവരുടെയും ജീവിതത്തിൽ ദൈവം കാവൽ നിൽക്കുന്ന ഒരു നിമിഷം ഉണ്ടാകും. എനിക്കുമുണ്ടായിരുന്നു അത്തരമൊരു നിമിഷം. എന്റെ ആത്മാവിന്റെ പുസ്തകത്തിൽ മയിൽപ്പീലകൾക്കൊപ്പം ഞാൻ സൂക്ഷിക്കുന്ന ഒരു ഓർമ്മയിലേക്ക്.

അപാരമായ ആത്മബന്ധമാണ് ഓരോ മനുഷ്യനോടും അടുത്തിടപെടാൻ പ്രേരണ നൽകുന്നത്. ആത്മബന്ധമെന്നു പറഞ്ഞാൽ കേവലം ഒരാളെ കുറിച്ച് വ്യക്തമായി അറിയുക എന്നതുകൊണ്ട് അർത്ഥമില്ല. ഒരാളനുഭവിക്കുന്ന അപാരമായ മാനസിക വിഭ്രാന്തിയും അതിനുപുറമെ ആത്മസംഘർഷങ്ങളും തിരിച്ചറിയുക. അതൊരു പക്ഷേ ഒരു സാധാരണക്കാരന് സാധിക്കുന്ന ഒന്നല്ലായിരിക്കാം.

അവനവനെ തന്നെ തിരിച്ചറിയുന്ന ഒരാൾക്കേ മറ്റൊരാളുടെ പ്രശ്നങ്ങളും മനസ്സിലാക്കാൻ സാധിക്കുകയുള്ളു.

ജീവിതത്തിലെ എല്ലാ സാഹചര്യത്തിലും ദൈവത്തിന്റെ നേരിട്ടുള്ള ഇടപെടൽ!

അത് എന്റെ അഭിപ്രായത്തിൽ അസാധ്യമാണ്. ദൈവമോ എല്ലാവരുടെയും ഹൃദത്തിലല്ലോ വസിക്കുന്നത്. അപാരമായ ഭീതി നേരിടേണ്ടിവരുമ്പോൾ നാം തികച്ചും അനാഥരായിരിക്കും. ആ നേരത്ത് ഒരു തുള്ളി ആശ്വാസവുമായി നമുക്കരികിൽ വരുന്നവരാണ് യഥാർത്ഥത്തിൽ ദൈവങ്ങൾ.

ആ ഒരു തിരിച്ചറിവാണ് സഹജീവിക്കുവേണ്ടി നമ്മുടെ ജീവിതം പണയപ്പെടുത്തുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. അങ്ങനെ അനേകം ദൈവങ്ങൾ സമാധാനത്തിന്റെ വെളിച്ചമായി ജ്വലിച്ചതിന്റെ നിഴലിലാണ് നാം ജീവിക്കുന്നത്.

# വിപ്ലവം


വയറെരിക്കാൻ    വിശപ്പും
അടുപ്പെരിക്കാൻ വേദനയും
അരികഴുകാൻ കണ്ണുനീരും
വേണ്ട
മനസ്സെരിക്കാൻ വാക്കുകളും
തണുപ്പടക്കാൻ കൂട്ടും മതി
ഞാൻ മാറ്റാം ഈ പ്രപഞ്ചമാകെ

ആരോൺ സലിൽ
10 -G

# വെടിയുണ്ടകൾക്ക് മുന്നിലൊരു ശലഭം

ഏതോ ഒരു ലൈബ്രറിയിൽ ചുമ്മാ ഒന്നു ചുറ്റിത്തിരിഞ്ഞപ്പോൾ കണ്ണിലുടക്കിയ പേര്: വെടിയുണ്ടകൾക്ക് മുന്നിലൊരു ശലഭം! അതെ. അത് അവളാണ്! മലാല യൂസുഫ് സായ്. വെടിയുണ്ടകൾക്ക് മുന്നിൽ നെഞ്ചും വിരിച്ച് നിന്ന കൊച്ചു ശലഭം.

1861 മുതൽ 1880 വരെ അഫ്ഗാനിസ്ഥാനിൽ ജീവിച്ചിരുന്ന ധീര മലാലായ്. അതുപോലെ, പാക്കിസ്ഥാനിലും, പെൺകുട്ടികൾക്ക് പാടാനും, പറയാനും, സ്വതന്ത്രമായി നടക്കാനും വേണ്ടി ശബ്ദമുയർത്തിയ പെൺകുട്ടിയുണ്ട്. താലിബാൻ സംഘടനകൾക്കെതിരെ പ്രതികരിച്ച് തീവ്രവാദികളിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ട 'മലാല യൂസുഫ് സായ്" (വിഷാദം



നിറഞ്ഞവൾ എന്നർത്ഥം). അഫ്ഗാനിസ്ഥാനിലെ മലാലയുടെ സ്മരണാർത്ഥമാണ് അവളുടെ അച്ഛൻ അവൾക്ക് ആ പേരു നൽകിയത്. 1997 ൽ പാക്കിസ്ഥാനിലെ സ്വാത്ത് താഴ്വരയിൽ ജനിച്ച മലാല പേരു പോലെ വിഷാദം നിറഞ്ഞവളായിരുന്നില്ല. ചുറ്റിലുള്ളതെന്തിനെയും നിരീക്ഷിച്ചും അറിഞ്ഞും അവൾ വളർന്നു. പഠിക്കാനും, സ്വതന്ത്രമായി നടക്കാനുമുള്ള തീവ്രമായ ആഗ്രഹം സദാ അവളെ അലട്ടിക്കൊണ്ടിരുന്നു. 11 വയസ്സ് മാത്രം പ്രായമുള്ളപ്പോൾ, ആ കൊച്ചു പെൺകുട്ടി ബിബിസിക്കു വേണ്ടി, പാക്കിസ്ഥാനിലെ അരക്ഷിതാവസ്ഥയെക്കുറിച്ചും താലിബാൻ സംഘടനകൾക്കെതിരെയും"ഗുൽമഖായി" എന്ന

അപരനാമത്തിൽ ബ്ലോഗ് എഴുതി തുടങ്ങി. ഈ ബ്ലോഗിങ്ങിലൂടെ പാകിസ്ഥാനിലെ കൊടും ഭീകരതകൾ ചുറ്റുമുള്ളവരുടെ ശ്രദ്ധയാകർഷിച്ചു. അങ്ങനെ, UN ലെ NEW YORK TIMES മലാലയെ കുറിച്ച് ഒരു DOCUMENTARY തയ്യാറാക്കുകയും "ഗുൽമഖായി" എന്ന അപരനാമത്തിൽ, തങ്ങൾക്കെതിരെ എഴുതിക്കൊണ്ടിരിക്കുന്നത് മലാലയെന്ന കൊച്ചു പെൺകുട്ടിയാണെന്നും താലിബാൻ സംഘടന തിരിച്ചറിയുന്നു. സ്വാത്ത് താഴ്‌വരയിലെ ഭീതിദമായ ഭാവിയുടെ കൃത്യമായ സന്ദേശം ലോകത്തോട് വിളിച്ചു പറഞ്ഞ ആ ശലഭത്തെ ഭീകരർ വെടിയുതിർത്ത് വീഴ്ത്തുന്നു. 'ആരാണ് മലാല? എന്ന് ചോദിച്ച ഭീകരർക്കു മുന്നിൽ 'ഞാനാണ് മലാല' എന്ന് പതറാതെ വിളിച്ചുപറഞ്ഞ ആ പെൺകുട്ടിയ്ക്കു മുന്നിൽ നമുക്കു നമ്രശീർഷരാകാം. കഴുത്തിലും, തലയിലും തോളിലുമായി മൂന്ന് വെടിയുണ്ടകൾ പതിച്ച് കിടപ്പിലായ മലാല, ഇനി എഴുന്നേൽക്കില്ല എന്ന് വിധിച്ച വൈദ്യശാസ്ത്രത്തിനു മുന്നിൽ പരിശീലനത്തോടെ, നിശ്ചയദാർഢ്യത്തോടെ ഉയിർത്തെഴുന്നേറ്റു. 2014 ൽ 17ാം വയസ്സിൽ, നോബേൽ പുരസ്കാരം കരസ്ഥമാക്കിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായി അവൾ മാറിയപ്പോൾ മാറോട് ചേർത്ത് അവളെയൊന്ന് ചുംബിക്കാൻ, അറിയാതെ കൊതിച്ചുപോയി.

"ONE TEACHER, ONE CHILD, ONE BOOK, ONE PEN CAN CHANGE THE WORLD."

-MALALA YUSUF ZAI

ദിയ തെസ്നി
9-G

# നിലമ്പൂർ തേക്കുകളെ നേരിൽ കണ്ടപ്പോൾ

2019 ഒക്ടോബർ മാസം വിജയദശമിയോടനുബന്ധിച്ച് നാല് ദിവസം അവധി കിട്ടിയപ്പോൾ നേരത്തെ പ്ലാൻ ചെയതതനുസരിച്ച് നിലമ്പൂർ തേക്ക് മ്യൂസിയം കാണാൻ ഞങ്ങൾ തീരുമാനിച്ചു. അതിൻ പ്രകാരം അഞ്ചാംതിയ്യതി ശനിയാഴ്ച രാവിലെ ഏഴ് മണിക്ക് യാത്ര തിരിച്ചു.

കൊടും വേനലിലും ഇടതൂർന്ന വനപ്രദേശമായതിനാൽ ചൂട് അനുഭവപ്പെട്ടതേയില്ല.
അവിടെ എത്തി വനം
വകുപ്പിന്റെ ഇൻഫർ
മേഷൻ സെന്ററിൽ
നിന്നും സന്ദർശക
പാസ് വാങ്ങി. വൻ
തേക്ക് മരങ്ങൾ ഇടത
ൂർന്ന് നിൽക്കുന്ന
റോഡിലൂടെ മു
ന്നോട്ട് നടന്നു. ഇരു
വശങ്ങളിലും




വാനരന്മാർ ചാടിക്കളിക്കുകയും ആളുകളെ കാണുമ്പോൾ മരത്തിലൂടെ ഓടിക്കയറി ഊഞ്ഞാലാടിക്കളിക്കുകയും ചെയ്യുന്നത് നല്ലൊരു കാഴ്ചയായിരുന്നു. വൻമരങ്ങൾക്കിടയിലൂടെ അര കി.മി ഞങ്ങൾ നടന്നു കഴിഞ്ഞു. തൊട്ടുമുന്നിൽ കളകളാരവത്തോടെ ചാലിയാർ പുഴ നിറഞ്ഞൊഴുകുന്നു. അതിനു മുകളിലൂടെ മനോഹരമായൊരു തൂക്കുപാലം അൽപ്പം ഭയത്തോടെ ഞാനും ഉപ്പയും ഉമ്മയും അതിൽ

കയറി. ഞങ്ങൾ മറുകരയെത്തി. അത്ഭുത ലോകത്ത് എത്തിച്ചേർന്നതുപോലെ ഞാൻ അതിശയിച്ചു.

ജീവിതത്തിൽ ഇത്രയേറെ വലിയ മരങ്ങൾ ഞാൻ കണ്ടിട്ടില്ല. മരങ്ങളെ ഞാൻ വട്ടം ചുറ്റി പിടിച്ചു നോക്കി. ഹമ്പോ! അൽപ്പം മുന്നിലേക്ക് മാറി മഹാഭീമനായ ഒരു തേക്കു മരം കണ്ണെത്താത്തയത്ര ഉയരത്തിൽ, അതിനടുത്തെത്തിയാകെയൊന്ന് നോക്കി. ലോകത്തിലെ ഏറ്റവും വലിയ മരമെന്ന് അടയാള സഹിതം അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. എത്ര പ്രൗഢ ഗംഭീരമായിരുന്നു ആ ഭീമൻ മരം.



ആടയാഭരണങ്ങൾ അണിഞ്ഞ രാജാവിന്റെ പ്രൗഢി തോന്നിപ്പോകും. ആ മരരാജാവിന്റെ മുന്നിൽ നിന്ന് ഫോട്ടോയ്ക്ക് പോസ് ചെയ്യുവാൻ വലിയ തിരക്കായിരുന്നു. ധാരാളം ടൂറിസ്റ്റുകളുണ്ട്. അവർക്കിടയിൽ ഞങ്ങളും.

മാനം മുട്ടെ നിൽക്കുന്ന തേക്കുമരങ്ങൾ കൂടാതെ ഭീമാകാരൻമാരായ ചീനിമരങ്ങളും പേരറിയാത്ത മറ്റു ധാരാളം വൃക്ഷങ്ങളും വള്ളിപ്പടർപ്പുകളും പലതരം പക്ഷിക്കൂട്ടങ്ങളും വാനര സൈന്യങ്ങള◌ും, മറു വശത്ത് നിശബ്ദമായൊഴുകുന്നതും ചിലപ്പോൾ കളകളാരവത്തോടെയും കിലുങ്ങിച്ചിരിച്ചൊഴുകുന്ന മനോഹരിയായ ചാലിയാർ പുഴയും മനം കുളിർപ്പിക്കുന്ന കാഴ്ചയാണ് ഒരുക്കിയത്.

ഇതിനെല്ലാം പുറമെ നോക്കെത്താദൂരത്തോളം പരന്ന
◌ു കിടക്കുന്ന വനത്തിനുള്ളിൽ പ്ലാസ്റ്റിക് വേസ്റ്റു
കളോ മറ്റു യാതൊരു മാലിന്യങ്ങളോ ഇല്ലാതെ ഇത്
സംരക്ഷിക്കുന്ന വനപാലകരുടെ കൃത്യ നിവാരണം
അഭിനന്ദനീയമാണ്. വന്മരങ്ങളും തൂക്കുപാലവു
മെല്ലാം കണ്ട് ഞങ്ങൾ രണ്ട് കി.മി. ദൂരെയുള്ള തേക്ക്
മ്യൂസിയം കാണാൻ പോയി. മ്യൂസിയത്തിന് സമീപം
പാസ് എടുത്ത് പ്രവേശിച്ചു. മ്യൂസിയത്തിനു പുറത്ത്
ഒരു ഭീമൻ തേക്കുമരത്തിന്റെ ഒരു വേര് മുഴു
വനായ് പെയിന്റ് ചെയ്ത് സംരക്ഷിച്ചിരിക്കുന്നു. ആ
വട വൃക്ഷത്തിന്റെ പേരിന് കാലപ്പഴക്കമുണ്ട്. എത്ര
കണ്ടാലും മതി വരാത്ത കാഴ്ചയെന്ന് പലതവണ
മനസ്സിൽ വിചാരിച്ചു.

മ്യൂസിയത്തിനകത്ത് പ്രവേശിക്കുന്നതിനായി
വാതിൽക്കൽ എത്തി. തേക്ക് തടിയിൽ തീർത്ത
ധാരാളം കൊത്തുപണികളോട് കൂടിയ അലംകൃതമായ
വലിയൊരു വാതിൽ ഇരുവശത്തേക്കും തുറക്കപ്പെട്ട
◌ു. എന്തൊരു കാഴ്ചയായിരുന്നു. തേക്കു തടിയാൽ
നിർമ്മിതമായ പഴയകാലസ്മരണകൾ നിലനിർത്തുന്ന
പത്തായം, നിലവിളക്ക്, കസേരകൾ, പണി ആയു
ധങ്ങൾ, പീഡങ്ങൾ, ചാരക്കട്ടിൽ, പല്ലക്ക്, പല തരം
ഫർണിച്ചറുകളും കരകൗശല വസ്തുക്കളും തൻ
സമയത്തോടെ സൂക്ഷിച്ചിരിക്കുന്നു.

വീണ്ടും മുന്നോട്ട് പോയി, അവിടെ തേക്കിന്റെ വിത്തു
കൾ, വളർത്തുന്ന രീതി, മണ്ണിന്റെ സ്വഭാവം, തുടങ്ങി എല്ലാ
വിവരങ്ങളും സുന്ദരമായി ചിട്ടപ്പെടുത്തിയിട്ടുണ്ട്. മ്യൂ
സിയത്തിനു ഉള്ളിലെ കാഴ്ചകൾ കണ്ട് പുറത്തിറങ്ങി. സെക്യൂ
രിറ്റി ഉദ്യോഗസ്ഥർ ഞങ്ങൾക്ക് പുറം ലോക കാഴ്ചകൾ
കാണാൻ ക്ഷണിച്ചു. വിവിധ തരത്തിലും, നിറങ്ങളിലുമുള്ള പ
◌ൂക്കളും കുറ്റിച്ചെടികളും മനോഹരമായി വെട്ടിനിർ

ത്തിയിരിക്കുന്ന പൂന്തോപ്പ്. പല വർണങ്ങളിൽ ധാരാളം ശലഭങ്ങൾ പ്രത്യേകം പ്രത്യേകം പൂക്കളിൽ തത്തിക്കളിക്കുന്ന ◌ു. ചെറിയ കുളങ്ങളിൽ വെള്ള ആമ്പൽപ്പൂക്കളും നീലത്താമരയും വിടർന്നുനിൽക്കുന്നു. മരതകനീലിമഞ്ഞക്കോളാമ്പി, മഞ്ഞപ്പാപ്പാത്തി തുടങ്ങിയ ശലഭങ്ങൾ തേൻ നുകരുന്നത് കാണാം.

കുട്ടികൾക്ക് ഉൽസാഹത്തിനായി കളിയൂഞ്ഞാലുകളും വള്ളിയൂഞ്ഞാലുകളും കാണുന്നു. സമയം അഞ്ച് മണിയോടടുക്കുന്നു. കാഴ്ചകൾ മതിയാക്കി ഞങ്ങൾ തിരികെ പോരാൻ സമയമായതായ് ഓർത്തു. മനസ്സിൽ നിന്നു മായാത്ത കാഴ്ചകളിലേക്ക് ഒരിക്കൽ കൂടി തിരിഞ്ഞു നോക്കി. ഇതിനിടെ ഒരു പ്രത്യേക കാര്യം കൂടി, ഓർത്തുപോയി. നമ്മുടെ സ്വന്തം ജില്ലയിൽ ഇത്ര മനോഹരമായ കാഴ്ചകൾ ഉണ്ടായിട്ടും മറ്റു സ്ഥലങ്ങൾ കാണാൻ വിനോദയാത്രക്ക് പോയതിനെയോർത്ത് സഹതാപം തോന്നിയില്ലേ! മ്യൂസിയം പിന്നിടാറായപ്പോൾ ഞാൻ ഒരിക്കൽ കൂടി തിരിഞ്ഞു നോക്കി, ഒരു കാര്യം അടിവരയിട്ട് ഉറപ്പിക്കുകകൂടി ചെയ്തു. അടുത്ത മധ്യവേനൽ അവധിയിലും വീണ്ടും വരും.....

അജ്മൽ ഷാക്കിർ
8 E

# ചിരാത്

മനസ്സിന്റെ നവനാദം ഉയരുന്നു പലതായി
കാലങ്ങളെ കവച്ചീടുന്ന കാവ്യമായ്...
അത് പറയുന്നു, ചിന്തയിൽ ചേതനയോടെ
ജീവിതം നശ്വരം എങ്കിലും സാർത്ഥകം

വിജയച്ചിരാതുകൾ കത്തിക്കണം...
നീ,ജയം മാത്രമോർക്കാതെ ജീവനെ പുൽകണം
ആഴിയിൽ മറയുന്ന ചിന്തകളോടിന്ന്
ആകാശമേറുവാൻ ചൊല്ലിപ്പറയണേ...

മിന്നിത്തിളങ്ങുന്ന മാനം പറയുന്നു
പച്ചപ്പണിഞ്ഞൊരാ അമ്മയുമേകുന്നു
തളരുന്ന പൂക്കളെ മാറോട് ചേർക്കുവാൻ
പാകപ്പെടുത്തണം പാരിലെ പൂക്കളെ

തെറ്റുകൾ തന്നൊരാ ജീവിതക്കാഴ്ച്ചകൾ
തെറ്റാതെയേറെനാൾ ഏറെ പറയണം
തെറ്റിനെ മായ്ച്ചൊരാ ആത്മചൈതന്യത്തെ
അറിയാതെയെങ്കിലുമേറെ നമിക്കണം

നിന്നുടെ പുഞ്ചിരി ലോകമറിയുന്നു
തേങ്ങലോ നിന്നുടെ  മാറ്റിനെ മായ്ക്കുന്നു
ചിരിയുടെ  ചേതന ചിന്തയിൽ ചേർക്കുവാൻ
നീ വാനോളം ചെന്നിടേണേ...
നീ വെട്ടം പരത്തിടേണേ...

ആര്യ അർച്ചന എ
9-H

# സാഹിത്യ ക്വിസ്

ചെറുശ്ശേരി മുതൽ ചില പുതിയ എഴുത്തുകാർ വരെയുള്ള കേരള സാഹിത്യവും ഷെക്സ്പിയർ മുതൽ പീറ്റർ ഹാൻക്കെക്ക് വരെയുമ ുള്ള ലോക സാഹിത്യവുമായി ബന്ധപ്പെട്ട 10 ചോദ്യങ്ങൾ,എഴുത്തിന്റെ ലോകത്തേക്കുള്ള ഒരു കവാടം മാത്രം.

ചോദ്യം-1 : ഷേക്സ്പിയർ എഴുതിയ പ്രശസ്തമാ ഒരു കൃതിയുടെ പശ്ചാത്തലത്തിലാണ് മലയാളത്തിലെ പ്രശസ്തമായ കളിയാട്ടം എന്ന സിനിമ ജനിക്കുന്നത്.ഏതാണ് ആ കൃതി?
ഉത്തരം: ഒഥല്ലോ

ചോദ്യം-2 : മലയാളത്തിൽ മഹാകവി വള്ളത്തോൾ നാരായണ മേനോൻ ഗാന്ധിജിയെ പ്രമേയമാക്കി രചിച്ച കൃതിയാണ് എന്റെ ഗുരുനാഥൻ. എന്നാൽ ഗാന്ധിജിയെ കുറിച്ച് വള്ളത്തോൾ എഴുതിയ വിലാപ കാവ്യം ഏത്?
ഉത്തരം: ബാപ്പൂജി

ചോദ്യം-3 : ഭാരതത്തിന്റെ കവികുലഗുരു എന്നറിയപ്പെടുന്നത് ആര്?
ഉത്തരം: കാളിദാസൻ

ചോദ്യം-4 : പാത്തുമ്മ എന്നത് ബഷീറിന്റെ പാത്തുമ്മാന്റെ ആട് എന്ന കൃതിയിലെ കഥാപാത്രമാണ്. എന്നാൽ കുഞ്ഞിപ്പാത്തുമ്മ ബഷീറിന്റെ ഏതും കൃതിയിലെ കഥാപാത്രമാണ്?
ഉത്തരം: ന്റുപ്പുപ്പായ്ക്കൊരാനണ്ടാർന്ന്

ചോദ്യം-5 : വൈശാഖൻ എന്ന തൂലിക നാമത്തിൽ അറിയപ്പെട്ടത്?
ഉത്തരം: എം.കെ ഗോപിനാഥൻ നായർ

ചോദ്യം-6 : ചിന്ന സ്വാമി എന്നറിയപ്പെട്ട കേരളീയ പ്രശസ്ത കവി?
ഉത്തരം: കുമാരനാശാൻ

ചോദ്യം-7 : ടി. ഉബൈദ് എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടത്?

ഉത്തരം: അബ്ദുൽ റഹ്മാൻ

ചോദ്യം-8  : മലയാളത്തിലെ ആദ്യ തുള്ളൽ കൃതി?
ഉത്തരം: കല്യാണസൗഗന്ധികം

ചോദ്യം-9  : അടരുന്ന ആകാശം എന്ന സഞ്ചാരകൃതി എഴുതിയത് ആര്?
ഉത്തരം: ജോർജ് ഓണക്കൂർ

ചോദ്യം-10:നിർമ്മല എന്നത് എം.ടി വാസുദേവൻ നായറുടെ ഏത് കൃതിയിലെ കഥാപാത്രമാണ്?
ഉത്തരം: മഞ്ഞ്

നവനീത് കൃഷ്ണൻ
8

## വീണ്ടും ചില പ്രളയവിചാരങ്ങൾ

ഏപ്രിലിൽ വിഷു, ഡിസംബറിൽ ക്രിസ്മസ്, സെപ്റ്റംബറിൽ ഓണം - ഇതിന്റെയൊക്കെ കൂടെ ചേർത്ത് പറയാൻ മലയാളിക്കിപ്പോൾ വേറൊന്നുകൂടിയുണ്ട്. ആഗസ്റ്റിൽ പ്രളയം. കളിയല്ല, കാര്യമായിട്ടാണ്.99-ലെ വെള്ളപ്പൊക്കം എന്ന് നാഴികയ്ക്ക് നാൽപതു വട്ടം പറഞ്ഞിരുന്ന അമ്മൂമ്മമാരും അപ്പാപ്പന്മാരുമൊക്കെ 2018 ലെയ ും19 ലെയും പ്രളയം കണ്ടതോടെ കമാന്നൊരക്ഷരം മിണ്ടാതായി.

എങ്കിലും പറയാതിരിക്കാൻ വയ്യ, പ്രളയം നമുക്ക് ഒരു പിടി അമൂല്യമായ നിമിഷങ്ങളും സമ്മാനിച്ചിട്ടുണ്ട്. സ്വന്തം മുതുകിനെ ചവിട്ടുപടിയാക്കിയ ജയ്സൽ മുതൽ നൗഷാദ് എന്ന തെരുവോരക്കച്ചവടക്കാരൻവരെയുള്ള പരിചിതരും അപരിചിതരുമായ ഏതൊക്കെയോ മുഖങ്ങളിലായിട്ടായിരുന്നു അന്ന് കേരളത്തിന്റെ അതിജീവനം.

കേരളത്തിന്റെ സൈന്യം എന്ന് മുഖ്യമന്ത്രി എടുത്തുപറഞ്ഞ മറ്റുള്ള അവസരങ്ങളിലൊക്കെ നമുക്ക് കണ്ണിൽ പിടിക്കാത്തവരും പ്രളയത്തിന്റെ സമയത്ത് ചങ്ക് ബ്രോസുമായി മാറിയ കടലിന്റെ മക്കളും ഇന്ത്യയുടെ 3 സേനകളും അങ്ങനെയങ്ങനെ എത്രയോ പേർ മനുഷ്വത്വം എന്ന ഒറ്റച്ചരടിൽ ഒരു തരത്തിലുള്ള വിവേചനമില്ലാതെ കോർക്കപ്പെട്ടപ്പോൾ ഇതാണ്ടാ കേരളം എന്ന് പറയാൻ ഒരുപാട് കൊതിച്ചു.അടുത്തുതന്നെയുണ്ടായിട്ടും കാലങ്ങളായി കാണാത്ത സഹോദരിയുടെ വീട്ടിൽ പ്രളയസമയത്ത് ചെന്നതിന്റെ ജാള്യതയോടെ മാന്തളിരിൽ ഇനിയെന്നാണാവോ പ്രളയം വരുക? എന്ന് ചോദിച്ച ബെന്യാമിനെ കണ്ടപ്പോൾ മാത്രമായരുന്നു നഷ്ടപ്പെട്ട എന്തിനെയൊക്കെയോ വീണ്ടെടുക്കൽ ക ൂടിയായിരുന്നല്ലേ പ്രളയമെന്നോർത്തത്.

എന്നാൽ ഈ ഒന്നിച്ചുനിൽപ്പ് ഒരു പ്രളയായുസ്സേ ഉണ്ടായിരുന്നുള്ളൂ. എന്ന് തോന്നിക്കും വിധം മലയാളി പിന്നെയും P.R ആകാശ ുമാരാകാൻ തുടങ്ങി. പ്രളയം മനുഷ്യനിർമ്മിതമോ പ്രകൃതി? ഉണ്ടായതാണോ? ഉത്തരവാദികൾ സർക്കാരോ സാധാരണക്കാരോ?

ഇപ്പോൾ കാക്കയെയും കൊറോണയെയും ആഘോഷിക്കുന്ന ചാനലുകൾ അന്നെടുത്ത തീപ്പൊരിവിഷയങ്ങൾ ഇതെല്ലാമായിരുന്ന ു. പിന്നീട് പ്രളയാഘോഷമായിരുന്നു.പ്രളയകവിതകൾ തുരുതുരാ വന്നപ്പോൾ പ്രണയമൊക്കെ ആർക്കും വേണ്ടാതെ മൂലയ്ക്കലായി. ഇങ്ങനെയിങ്ങനെ പ്രളയാർമാദം തുടർന്ന് കൊണ്ടായിരുന്നപ്പോൾ എന്താടോ നമ്മളൊന്നും നന്നാവാത്തേ എന്ന് പലപ്പോഴും നാവിൻതു മ്പത്ത് വരെ ചോദ്യം മുട്ടി നിന്നു.

ഓരോ പ്രളയകാലത്തും വന്നങ്ങ് ഒലിച്ചുപോകുന്നതാവരുത് നമ്മുടെ സ്നേഹവും ഐക്യവുമൊന്നും. ഒരു കാര്യമുറപ്പാണ്. പ്രളയം ഇനിയൊരു തുടർക്കഥയാവും, അതിന്റെ കാരണങ്ങളൊക്കെ വിശദമായി പഠിച്ച്, ഒന്ന് മാറാൻ മലയാളി തയ്യാറാവുന്നത് വരെ. അപ്പോൾ പിന്നെ ഓരോ പ്രളയസമയത്തും വേറെ വേറെ കൊട്ടിഘോഷിക്കണോ നമ്മുടെ മാനവികത? അതോർ മ്മിപ്പിക്കാൻ ഞങ്ങൾക്കൊരു പ്രളയം വേണ്ടാന്ന് പറയാൻ നമു ക്കോരോരുത്തർക്കും കഴിയട്ടെ

ശിവദ എസ്
9 H

# നാദിയാ മുറാദ്

യുദ്ധാവും ഭീകരാക്രമണങ്ങളും അതിന്റെ മാരകമായ തീവ്രതയിൽ അനുഭവിക്കുന്നത് സ്ത്രീകളും കുഞ്ഞുങ്ങളുമാണ്. അതുപോലെ IS എന്ന മത തീവ്രവാദ സംഘടനയുടെ അടിമയാക്കപ്പെട്ട നാദിയ മുറാദ്  എന്ന പെൺകുട്ടിയിൽ നിന്ന് യസിടി എന്ന മതവിഭാഗത്തെ കുറിച്ചും യസിദിയായി ജനിച്ചതുകൊണ്ട് മാത്രം വന്ന നരകയാതനകളെക്കുറിച്ചും ലോകം അറിയാനിടയായി. മതം മനുഷ്യന്റെ ജീവനു ഭീഷണിയാണെന്നു സ്വജീവിതം കൊണ്ട് മനസ്സിലാക്കിയവരാണ് യസീദികൾ.




പഠിച്ചും അല്പസ്വല്പം ദാരിദ്രമനുഭവിച്ചും നിത്യജീവിതം നയിച്ചിരുന്ന നാദിയയെ തകർത്തു കളഞ്ഞത് IS–ന്റെ കടന്നു വരവാണ്. ഒട്ടുമിക്ക പുരുഷൻ മാരെയും വെടിവെച്ച് കൊല്ലുന്നു. സ്ത്രീകളെ പിടിച്ച്കൊണ്ട് പോയി 'സബിയ്യ' മാരാക്കിുന്നു. കന്യകമാരെയെല്ലാം ലൈംഗിംഘപ്രവർത്തികൾക്കായി ഉപയോഗിക്കുന്നു. അടിമ പെൺകുട്ടികളെ ചങ്ങലയിൽ കെട്ടി ചന്തയിൽ വിൽക്കുന്നു. കൈമാറ്റം ചെയ്യാവുന്ന ചരക്കുകളിലൊന്നായിരുന്നു സ്ത്രീയും. ഹാജി സൽമാനിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ച് പിടിക്കപ്പെട്ട നാദിയയെ ലൈഗിംക പൊതുമുതൽ ആക്കി മാറ്റുകയായിരുന്നു. അതിന്റെ അനന്തരഫലമായി വന്ന ശാരീരിക പീഡനങ്ങൾ അവളെ തളർത്തിയിരുന്നു. എന്നിട്ടും രക്ഷപ്പൊടാനുളള മോഹം അവൾ ഉപേക്ഷിച്ചില്ല. കുർദിസ്ഥാനിൽ നിന്ന്

ജർമനിയിലെത്തിയെങ്കിലും സ്വസ്ഥമായിരിക്കാൻ അവൾക്കാവുമായിരുന്നില്ല. IS–ന്റെ പിടിയിൽ കഴിയുന്ന പെൺകുട്ടികളെപ്പറ്റി അവൾ വേവലാതിപ്പെട്ടു. IS–ന്റെ ക്രൂരതകൾ ലോകത്തോട് വിളിച്ചു പറയാനും അവർക്ക് ശിക്ഷ വാങ്ങിക്കൊടുക്കാനും തന്നാലാവും വിധം നാദിയ ശ്രമിക്കുന്നുണ്ടായിരുന്നു. അങ്ങനെയാണ് ഇംഗ്ലണ്ടലെ മനുഷ്യാവകാശ പ്രവർത്തകനും അഭിഭാഷകനും ആയ അമാൽ ക്ലൂണിയെ കാണുന്നത്. അസാധാരണമായ ആ കൂട്ടുകെട്ടിൽ നിന്നാണ് ഇന്നത്തെ നാദിയ ഉണ്ടാവുന്നത്. ഇപ്പോൾ നാദിയ യുദ്ധക്കെടുത്തികൾക്കെതിരായി, യസീദികളെ സഹായിക്കാനായി രൂപൽക്കരിച്ച 'യസ്ദ' എന്ന സന്നദ്ധ സംഘടനയുടെ സജീവപ്രവർത്തകയാണ്.

സമാധാനത്തിനുള്ള നൊബേൽ സ്വീകരിച്ചുകൊണ്ട അവൾ ഇങ്ങനെ പറഞ്ഞു: "ഞങ്ങളെ സംരക്ഷിക്കുന്നതിൽ ഇറാൻ, കുർദിസ്ഥാൻ സർക്കാരുകൾ നേരത്തെ തന്നെ പരാജയപ്പെട്ടതാണ്. IS–ൽ നിന്ന് ഞങ്ങളെ രക്ഷിക്കുന്നതിലും കൂട്ടക്കൊലകൾ തടയുന്നതിലും രാജ്യാന്തരസമൂഹവും ഇപ്പോഴിതാ തോൽവി സമതിച്ചിരിക്കുന്നു. IS–നെ നിയമത്തിന് മുന്നിൽ കൊണ്ടവരിക രൂപടത്തിൽ നിന്ന് തന്നെ തുടച്ചുനീക്കപ്പെടുന്ന ജനതയ്ക്ക് അതിജീവന സാദ്ധ്യത .അതാണന്റെ ലക്ഷ്യം". യുദ്ധക്കുറ്റങ്ങളുടെ ഇരയെന്ന പേരിൽ നിശബ്ദയായിരിക്കുകയല്ല നാദിയ മുറാദ്. തന്റെയും തന്നെപ്പോലെയുള്ളവരുടെയും ദുരിത കഥകളും തീക്ഷണമായ അനുഭവങ്ങളും ലോകത്തിന് മുന്നിൽ തുറന്നുകാട്ടാനവൾ തയ്യാറായി. അതിനി തന്റെ ജീവൻ പോകുമെന്നറിഞ്ഞിട്ടാണങ്കിലും. നാദിയ നീതിക്കായി ശബ്ദിക്കുന്ന അതിജീവനത്തിന്റെ പൂമ്പാറ്റയായി ലോകജനതയ്ക്കു മുന്നിൽ ഹാരിക്കപ്പെടുന്നു. ഇതിന്റെയെല്ലാം കറുപ്പും വെളുപ്പുമായ മുഖങ്ങൾ 'I AM NADIA MURADH' എന്ന പുസ്തകത്തിൽ സത്യസദ്ധമായി ആവിഷ്കരിക്കുന്നുണ്ട്.

സഹിഷ്ണുതയും സാമാധാനവും നിറഞ്ഞ ലോകം സ്വപ്നം കാണാൻ പ്രേരിപ്പിക്കുന്നതും കേട്ടാൽ മിഴി ഈറനണിയുന്നതും അഭിമാനം തോന്നുന്നതുമായ അവിശ്വസനീയമായ ജീവിതമാണ് നാദിയയുടേതെന്ന് നിസ്സംശയം പറയാം.

HUDA HANAN
9B

# നൊമ്പരക്കാഴ്ച്ച

പുതുവർഷപുലരിയുടെ തലേദിവസം ഞാനും എന്റെ കൂട്ടുകാരും കൂടി നടന്നുവരികയായിരുന്നു. എന്റെ വീടിന്റെ അടുത്തെത്താറായപ്പോൾ ഒരു കാറിൽനിന്ന് ഒരാൾ പുറത്തേക്കിറങ്ങി എന്തോ വലിച്ചെറിയുന്നത് കണ്ടു.

പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ആയിരിക്കും വലിച്ചെറിഞ്ഞിട്ടുണ്ടാവുക എന്നു കരുതി ഞങ്ങൾ നടന്നു പോന്നു. എന്നാൽ വൈകുന്നേരമായപ്പോൾ ഏതോ ജീവിയുടെ കരച്ചിൽ കേട്ട് ഞങ്ങൾ ചെന്ന് നോക്കുമ്പോൾ ചാക്കിൽ നായക്കുട്ടികൾ. അപ്പോഴാണ് ഞാൻ മനസ്സിലാക്കിയത് കാറിൽ കൊണ്ടുവന്ന് ഉപേക്ഷിച്ചത് ഈ നായക്കുട്ടികളെയായിരുന്നുവെന്ന്. പിറന്നിട്ട് 2 ദിവസം മാത്രമായ നായക്കുട്ടികൾ. കണ്ണു പോലും തുറന്നിട്ടില്ലാത്ത പാവങ്ങൾ. പാലിനും ചൂടിമായി അവ ഒന്നിനു മുകളിൽ ഒന്നായി കയറി അമ്മയെ അന്വേഷിക്കുന്നു. അത് വല്ലാതെ നൊമ്പരപ്പെടുത്തിയ കാഴ്ച ആയിരുന്നു. ഞാൻ വീട്ടിൽ വന്ന് അച്ഛനോടീ കാര്യം പറഞ്ഞു. അന്ന് അച്ഛൻ പറഞ്ഞു നമുക്ക് നോക്കാമെന്ന്. അടുത്ത ദിവസം രാവിലെ തന്നെ കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ടപ്പോൾ അച്ഛൻ ഒരു ഫില്ലർ സംഘടിപ്പിച്ച് ആ കുഞ്ഞുങ്ങൾക്ക് പാൽ ഇറ്റിച്ചു കൊടുക്കുകയും നല്ല തുണികൾ ഒരു സ്ഥലത്തുവിരിച്ച് അവയെ മാറ്റികൊടുക്കുകയും ചെയ്യ്തു. ഫില്ലറിലൂടെ പാലു കൊടുക്കുകയെന്ന ചടങ്ങ് തുടർന്നു കൊണ്ടേ ഇരുന്നു. പാലു കൊടുക്കാനായി ചെല്ലുമ്പോൾ അമ്മയാണെന്നു കരുതി ഇഴഞ്ഞെത്തുന്ന

**ദ്യുതി**

പട്ടിക്കുഞ്ഞുങ്ങളുടെ കാഴ്ച്ച ഞങ്ങളെ കരയിപ്പിച്ചു കൊണ്ടേ ഇരുന്നു. ഏതാണ്ട് 4 ദിവസം കഴിഞ്ഞപ്പോൾ ഇതെല്ലാം ചെയ്തിട്ടും അമ്മയുടെ

അഭാവം മൂലമോ, പരിചരണക്കുറവ് മൂലമോ ഒരു പട്ടിക്കുഞ്ഞ് ചത്തു പോയി. ഞാൻ പറഞ്ഞ വിവരങ്ങൾ വച്ചിട്ട് ആ കാറിൽ എത്തിയ

ആളുടെ ഫോൺ നമ്പർ സംഘടിപ്പിക്കുയും അയാളോട് ഈ കണ്ണു തുറക്കാത്ത പട്ടിക്കുഞ്ഞുങ്ങളെ തിരികെ കൊണ്ടു പോയി അവയുടെ അമ്മയുടെ അടുത്ത് എത്തിക്കണമെന്ന് പറഞ്ഞു കൊണ്ടിരിക്കുകയും ചെയ്തു. ഓരോ ദിവസവും ഈ കുഞ്ഞുങ്ങളുടെ കരച്ചിൽ കേൾക്കുമ്പോൾ ഭക്ഷണം കഴിക്കാൻ പോലും ഞങ്ങൾക്ക് തോന്നാറില്ലായിരുന്നു. ഞങ്ങളുടെ പ്രാർഥനയുടെ ഫലം എന്നു തോന്നുന്നു, അയാൾ അച്ഛനെ വിളിച്ച് "ഞാൻ പട്ടിക്കുഞ്ഞുങ്ങളെ തിരികൊണ്ടു പോയികൊള്ളാം എന്നു പറഞ്ഞു. അങ്ങനെ ഏഴാമത്തെ ദിവസം നേരം പുലരുമ്പോൾ തന്നെ അയാളെത്തി. അച്ഛൻ അവയെ എടുത്ത് സഞ്ചിയിൽ ആക്കി കൊടുത്തു. അവയെ കൊടുക്കുന്ന സമയത്ത് ഞങ്ങൾ അച്ഛനോട് പറഞ്ഞു : മാമൻ അവയെ അമ്മപട്ടിയുടെ അടുത്തേൽപ്പിക്കാൻ കൊണ്ടുപോവേണ്ട. എങ്ങനെയെങ്കിലും കണ്ണു തുറന്നു കിട്ടിയാൽ മറ്റു ഭക്ഷണം കഴിച്ച് വളർന്നു

കൊള്ളും. അമ്മയുടെ അടുത്തു തന്നെ കുഞ്ഞുങ്ങളെ എത്തിക്കാം എന്ന ഉറപ്പു നൽകിയാണ് അയാൾ പോയത്. ആ അമ്മയുടെ പാലും ചൂടും പകർന്നു നൽകാൻ നമുക്കാവില്ലല്ലോ. ആഹാരാവശിഷ്ടങ്ങൾ

**ദ്യുതി**

തെരുവോരങ്ങളിൽ ഉപേക്ഷിക്കുന്ന അഭ്യസ്തവിദ്യരായ മലയാളിയുടെ പ്രവൃത്തിയുടെ ബാക്കിപത്രം മാത്രമാണ് ഈ നായക്കുട്ടികൾ. നമ്മൾ ചെയ്യുന്ന തെറ്റിൽ ദ്രോഹിക്കപ്പെടുന്നവർ. ഏതായാലും ആ പട്ടിക്കുഞ്ഞുങ്ങൾ തള്ളയുടെ അടുത്തെത്തിയെന്ന് സന്തോഷം ഞങ്ങൾക്കും...

LAKSHMI JAYAKUMAR
9E

# സ്റ്റീഫൻ ഡബ്ല്യു ഹോക്കിങ്

പ്രശസ്ത ഭൗതികശാസ്ത്രജ്ഞൻ. 1942 ജനുവരി 8-ന് ഓക്സ്ഫോർഡിൽ ജനിച്ചു. 17-ാം വയസ്സിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഭൗതികശാസ്ത്ര ബിരുദം നേടിയ ശേഷം കേംബ്രിഡ്ജിൽ ഗവേഷണ പഠനം നടത്തുന്നതിനിടെയാണ് കൈകാലുകളെ തളർത്തുന്ന



മോട്ടോർ ന്യൂറോൺ എന്ന നാഡീരോഗം ഇദ്ദേഹത്തെ പിടികൂടിയത്. 1966-ൽ ഗവേഷണം പൂർത്തിയാക്കി കേംബ്രിഡ്ജിൽ ഫെലോഷിപ്പ് നേടി. തമോഗർത്തങ്ങളെക്കുറിച്ചുള്ള പഠനം തുടങ്ങി. 1968-ൽ ശരീരം പൂർണമായും തളർന്നു. തമോഗർത്തങ്ങളെകുറിച്ചുള്ള പഠനങ്ങൾ ഹോക്കിങ്ങിനെ ശ്രദ്ധേയനാക്കി. 1978-ൽ പ്രശസ്തമായ ആൽബർട്ട് ഐൻസ്റ്റെൻ പുരസ്കാരം ഇദ്ദേഹത്തിന് ലഭിച്ചു. 2018 മാർച്ച് 14-ന് അന്തരിച്ചു.

# ആശ്വാസം

ഒരു കുഞ്ഞുമേഘക്കീറിന്നെന്റെ
യിട നെഞ്ചിൽ
ചന്ദന ച്ചാർത്തായി
പെയ്തൊഴിഞ്ഞു
ചുട്ടു നിണം വാർന്നൊഴുകി
പ്പുരക്കുന്ന
മുറിവിതിലാരോ
തോൻ പുരട്ടി.
അകത്താരിലാനന്ദത്തിരിനീട്ടി
നെയ്യ് പകർന്നിരവിന്റെ
കൂരിരുൾ നീക്കി മെല്ലെ
ഒരു നോക്കിലൊരുവാക്കി-
ലെന്ന യറിഞ്ഞും
മറു വാക്കിനായി
മനം തുറന്നു.
ആയിളം പുഞ്ചിരി
കുഞ്ഞു തേൻ കൊഞ്ചലും
ഇന്നെന്റെ നെഞ്ചിലും
തണൽ പടർത്തി
പകലിനെ വേവിക്കും
കുംഭച്ചൂടെരിയിലും
നിൻ മുഖം തേൻകണ-
മിറ്റു വീഴിച്ചിതാ
ഈ വശ്യചാരുത
അഞ്ജന നീലിമ
മധുരം പൊഴിക്കുമെൻ
മനസ്സിനുള്ളിൽ

മൃദുല കെ .വി (അധ്യാപിക)

# ടോട്ടോചാൻ

തെത്സുക്കോ കുറയോനഗിയുടെ ബാല്യകാലസ്മരണകളും സ്കൂൾ ജീവിതവും പറയുന്നതാണ് ടോട്ടോചാൻ എന്ന പുസ്തകം. ടോട്ടോ എന്ന വികൃതിക്കുട്ടിയുടെ കുസൃതികളും ജീവിതവുമാണ് കഥയുടെ പശ്ചാത്തലം. എല്ലാവരോടും ഒരേ മനോഭാവം പുലർത്തണമെന്ന ചിന്ത ടോട്ടോച്ചാന്റെ ബാല്യകാല ജീവിതത്തിൽ നിന്നും നമ്മളിലേക്ക് എത്തുന്നു. നല്ലൊരു മാതൃകാ വിദ്യാലയം കൂടി കഥാകാരി ഇതിലൂടെ കാഴ്ച്ച വെക്കുന്നത്.

ഒന്നാം വയസ്സിൽ പഠിക്കുമ്പോൾ തന്നെ ടിച്ചർമാരുടെ തലവേദനയായി മാറുകയും സ്കൂളിൽ നിന്നും പുറത്താക്കപ്പെടുകയും ചെയ്ത നിഷ്കളമായി ചിരിക്കാനറിയുന്ന, എപ്പോഴും എന്തെങ്കിലും വിചിത്രമായി കണ്ടെത്താനാഗ്രഹിക്കുന്ന ഒരു കൊച്ചുമിടുക്കിയാണ് ടോട്ടോ. പിന്നീട് അമ്മ റ്റോമോഗാക്കുൻ എന്ന സ്കൂളിൽ ചേർക്കുകയും കൊമ്പയാഷി എന്ന അസാധാരണമായ ഒരു അധ്യാപകനുമായി കൂട്ടാവുകയും ചെയ്തതോടെയാണ് ടോട്ടോയുടെ ജീവിതം കൂടുതൽ മനോഹരമായത്. മറ്റുള്ളവരുടെ വിഷമങ്ങൾ പരിഹരിക്കാനും വികലാംഗരായ കൂട്ടുകാരെ സഹായിക്കാനും കാണിക്കുന്ന മനസ്സ് അഭിനന്ദനീയമാണ്. ആദ്യത്തെ ദിനം തന്നെ കൊബയാഷി മാസ്റ്ററുമായി നാല് മണിക്കൂറോളം വിശേഷങ്ങൾ പങ്കുവെച്ചതിലും അദ്ദേഹത്തിന്റെ കൗതുകരമായ ജീവിതശൈലികളും ടോട്ടോയുടെ ജീവിതത്തെ സ്വാധീനിച്ചിരുന്നു. പോളിയോ ബാധിച്ച യോസ്വാതിചാനെ വളരെയധികം കഷ്ടപ്പെട്ടുകൊണ്ട് തന്റെ മരത്തിൽ കയറ്റിയപ്പോൾ അവൾ അറിഞ്ഞത് വിജയത്തിന്റെ കുളിർ കാറ്റിനേക്കാൾ നന്മയുടെ സുഗന്ധം കൂടിയായിരുന്നു. ഉത്സവപ്പറമ്പിൽ നിന്ന് വാങ്ങിയ രണ്ട് കോഴിക്കുഞ്ഞുങ്ങളും തുടർന്ന് യാസ്വാക്കിച്ചാനും റോക്കി എന്ന വളർത്തു നായയും മൺമറഞ്ഞ്പ്പോഴപ്പോഴാണ് അവൾ ആദ്യമായി നഷ്ടബോധത്തിന്റെയും വേർപാടിന്റെയും തീക്ഷ്ണത മനസ്സിലായത്. ടോട്ടോചാനിലെ ചുടുനീരുറവയിലേക്കൊരു യാത്ര, ഒക്കെയും തിരിച്ച് കോരിയിട

ുന്ന വിദ്യ, ചായസൽക്കാരം,സ്കൂൾ ഗാനം, പേടിയില്ലാ പരീക്ഷ, എന്നിവയെല്ലാം നർമം പകരുന്ന അധ്യായങ്ങളാണ്. അവസാനം യുദ്ധക്കെടുതിയുടെ ഫലമെന്നോളം അമേരിക്കയുടെ ബോംബ് വിഴുങ്ങി തീകോളമായി മാറുമ്പോൾ റ്റോമോഗാഗ്വൻ തന്ന അസാധാരണമായ വിദ്യാലയം ഏതൊരു നിഷ്കളങ്കഹൃദയങ്ങളിൽ നിന്ന് മാഞ്ഞുപോവാത്തതാണ്. പിന്നീട് കൂട്ടുകാരുടെ പുതിയ വിശേഷങ്ങളിലൂടെ കഥ അവസാനിക്കുന്നു. മുതിർന്നവർക്കും കുട്ടികൾക്ക ും ഒരു പോലെ ആസ്വദിക്കാനാകുന്ന ഒരു കൃതിയാണ്.

ഗൗരി കൃഷ്ണ.എം

9.G

# പ്രളയം നമ്മെ പഠിപ്പിച്ചത് എന്ത്?

മനുഷ്യസമൂഹത്തിന്റെ ചരിത്രം ഇത്രമേൽ അവേശമായിരിക്കുന്നത് അത് അതിജീവനത്തിന്റെ മഹാഗാഥകൾ കൂടി വിളിച്ചോതുന്നതു കൊണ്ടാണ്. ഉറ്റവരെ നഷ്ടമായതുമൂലമുള്ള നിത്യദുഖവും ഒരായുസ്സുകൊണ്ട് സ്വരുക്കൂട്ടിയതെല്ലാം ഒറ്റയടിക്ക് ഇല്ലാതായ ദുരിതവും ആഗസ്തിലെ പ്രളയം ഏതു കണ്ണീർ പ്രവാഹത്തിനുംമുതെ ഉയർന്നു നിൽക്കുന്ന കൂട്ടായ്മയുടെ കരുത്തായി അടാളപ്പെടുത്തുമെന്നതിൽ തർക്കമില്ല. കുറ്റിയൊലിച്ചുവന്ന പ്രളയ ജലം, ലോകത്തിലെ മറ്റിടങ്ങളിലെന്നപോലെ ജനപദങ്ങളെ തുടച്ചുനീക്കുകയോ ആളുകളെചിന്നഭിന്നമാക്കി പാലായനം ചെയ്യിക്കുകയോ ആയിരുന്നില്ല. പകരം ഒരുമിപ്പിക്കുകയായിരുന്നു. ചേർന്നുനിൽക്കാൻ ചേർത്തു നിർത്താൻ പഠിപ്പിക്കുകയായിരുന്നു.

2019 ൽ വീണ്ടും പ്രളയജലം നമ്മെതേടിയെത്തിയപ്പോൾ മാനവികതയുടെ മൂല്യങ്ങൾ വിതച്ച മതിലാണ് അതിനെ തടഞ്ഞു നിർത്താൻ സഹായിച്ചത്. ഇതിൽനിന്ന് കേരളം, അല്ല നാം എന്തു പഠിച്ചു എന്നതാണ് ചോദ്യം. സുസ്ഥിരമായ വികസനവും കൂടാതെ പ്രകൃതിയോടിണങ്ങിയ ജീവിതവുമാണ് വേണ്ടത്. എന്നാൽ, നാം ഏറെ വൈകിയിരിക്കുന്നു. അഞ്ച് വർഷം മുമ്പ് മാധവ് ഗാഡ്ഗിൽ പറഞ്ഞതുപോലെ പശ്ചിമഘട്ടവിനാശം നമ്മെ നയിച്ചത് ഗുരുതരമായ പ്രകൃതിദുരന്തങ്ങളിലേക്കാണ്. പ്രകൃതിയെ സംരക്ഷിച്ച് എനിയെങ്കിലും സ്വന്തം ജീവൻ, അല്ലെങ്കിൽ വരും തലമുറയെ സംരക്ഷിക്കാൻ നാം പടുത്തുയർത്തിയ മാനവികതയുടെ മതിൽ എന്നും നിലനിൽക്കട്ടെ.

sreenanth sudheesh
8-f

# അവസാനത്തെ അന്നം

ഒരു രാത്രി മകനുറങ്ങിയതിനുശേഷം അമ്മ പ്രാർത്ഥിക്കുന്നത്
ഇങ്ങനെയായിരുന്നു. ദൈവമേ എന്റെ സങ്കടം നീ
കാണാത്തതെന്താ?കണ്ണുകാണാത്ത മകനെയും കൊണ്ട് ഞാൻ
എങ്ങനെ ജോലിയില്ലാതെ ജീവിതം നയിക്കും? ദാരിദ്ര്യത്തിന്റെ പടു
ക്കുഴിയിൽ നിന്ന് ഇനി ഞങ്ങളെന്നാണൊ ഒന്ന കരക്കയറുക?
എന്റെ വേദന നീ അറിയുന്നില്ലേ... നാളേയ്ക്കായ് ഒരു മണി അരി
പോലും ബാക്കിയില്ല. എന്റെ വിശപ്പ് നോക്കണ്ട പക്ഷേ സത്യ... കണ്ണ
◌ുകാണാത്തതിന്റെ വേദന, അതു തന്നെ അധികമാണ്. ഇനി
വിശപ്പിന്റെ വേദനയും കൂടി സഹിക്കാനാവാനാവില്ല ദേവാ....കണ്ണു
തുറക്കൂ...

അമ്മയുടെ പ്രാർത്ഥനയിലെ ഓരോ മുക്കിലും അമ്മയുടെ
കണ്ണീരിന്റെ നൈർമല്യമുണ്ടായിരുന്നു. മകനുറങ്ങിയെന്നത്
അമ്മയുടെ വെറുമൊരു തെറ്റുധാരണയായിരുന്നു. സത്യയിതെല്ലാം
കേൾക്കുന്നുണ്ടായിരുന്നു. അവന്റെ കണ്ണുകൾ അവനറിയാതെ
തന്നെ തുളുമ്പുന്നുമുണ്ടായിരുന്നു. പതിയെ പതിയെ അവൻ
നിദ്രയിലേക്കു വഴുതി വീണു. അടുത്ത ദിവസം ഒരു
വെള്ളിയാഴ്ച്ചയായിരുന്നു. സത്യ ക്ലാസിനു പോകാനൊരുങ്ങി,
എന്നിട്ട് വെറുതെയൊന്നു ചോദിച്ചു. അമ്മേ! ചോറാക്കിയില്ലേ.
പതിവില്ലാതെയുള്ള മകന്റെ ചോദ്യം കേട്ട് അമ്മയുടെ കണ്ണ്
നിറഞ്ഞൊഴുകി, അവൾ നനവാർന്ന വാക്കുകളാൽ പറഞ്ഞു. എല്ലാം
റെഡിയാ, ഇതാ ബാഗ് മോൻ പൊക്കൊ. ശ്രദ്ധിച്ച് പോകണം
കേട്ടോ. അമ്മയോട് യാത്ര പറഞ്ഞ് മകൻ വീട്ടിൽ നിന്നുമിറങ്ങി ന
ടന്നു. ക്ലാസിലെ ഇരിപ്പിടത്തിൽ കൊണ്ടിരുത്തുന്നതുവരെ
അവനൊപ്പം കൂട്ടകാരുണ്ടായിരുന്നു പിന്നെ അവരും പോയി.

ഉച്ച സമയമായി അവന്റെ കൂട്ടുകാരെല്ലാം ഹോട്ടിലിലേക്കോടി.
അവൻ വീണ്ടും ഒറ്റക്കായി. അവൻ പാത്രം തുറന്ന് അതിൽ കൈയ്യിട്ട്
പരതി ഒരു വറ്റുപോലും കിട്ടിയില്ല. അതിൽ എന്തോ നനവുണ്ടായിര
◌ുന്നു. അവനതു രുചിച്ചു നോക്കി ഉപ്പുരസം, അമ്മയുടെ
കണ്ണീരിന്റെ ഉപ്പുരസം അവന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.
ഇതെല്ലാം ഒരു പെൺകുട്ടി കാണുന്നുണ്ടായിരുന്നു. അവൾ
അവന്റെ അടുത്തു ചെന്നു ചോദിച്ചു. സത്യ എന്താ ഭക്ഷണം
കഴിക്കാത്തത്?

ലക്ഷ്മി നീയിതിൽ എന്തെങ്കിലും കാണുന്നുണ്ടോ.അവൻ തിരിച്ച്
ചോദിച്ചു.

ഇല്ലല്ലോ, നീയെന്താ ഒന്നും കൊണ്ടു വരാഞ്ഞത്.
അതിന് എന്തെങ്കിലും വേണ്ടേ?
അതെന്താ നീ അങ്ങനെ പറഞ്ഞത്? നിന്റെ വീട്ടിൽ അമ്മയൊന്നും ഉണ്ടാക്കിയില്ലേ?
എന്തുണ്ടാക്കാൻ? ങ്ഹും......വീട്ടി......വീട്ടിൽ സാധനങ്ങൾ തീർന്നി ട്ടൊരുപാട് കാലായി. അച്ഛൻ പോയെപ്പിന്നെ ദാരിദ്ര്യമാ അവസ്ഥ. അമ്മ ഞാൻ ക്ലാസിനു വരുന്നനേരം അടുത്ത വീട്ടിൽ തെ...തെണ്ടാൻ...എരക്കാൻ

അവന് അവന്റെ വാക്കുകൾ മുഴുവാനാക്കാനായില്ല. അപ്പോഴേക്കും അവൻ പൊട്ടിക്കരഞ്ഞുപ്പോയി.

പെട്ടെന്ന് ലക്ഷ്മി അവന്റെ കണ്ണുതുടച്ച് തന്റെ പോറുപാത്രം അവനു നേർക്കുനീട്ടി. പാവത്തിനു കാണാനാവില്ലല്ലോ... അവൻ ചോദിച്ചു. നീയും നീയും പോയല്ലേ....

അവൾ അവന്റെ കൈപ്പിടിച്ച് പാത്രത്തിൽ വച്ചു. അത് അവനു മനസ്സിലായി അവൻ ചോദിച്ചു. അപ്പോൾ നിനക്കു ഭക്ഷണം കഴിക്കണ്ടേ?
വേണ്ട. എനിക്ക് വീട്ടിൽ ചെന്നാ വയറുനിറച്ച് ഭക്ഷണം കഴിക്കാനാക ◌ും എന്നാൽ നിനക്കതാവില്ലല്ലോ...
അവളുടെ മറുപടി ഇതായിരുന്നു. ഇതു കണ്ടു നിന്ന മറ്റു കുട്ടികൾ അവർ തമ്മിൽ പ്രണയമാണെന്ന് തെറ്റ ധരിച്ചു. എന്നാലവർ അത് കേട്ട ഭാവം നടിച്ചില്ല. സത്യ പക്ഷേ അവളോട് പറഞ്ഞു. ഞാനൊരാൾ കാരണം നിന്നെ പോലൊരാൾക്ക് ചീത്തപ്പേര് കേൾ ക്കേണ്ടി വന്നില്ലേ. നീ എന്നോട് പൊറുക്കണം കാരണം ഞാൻ കാരണം ആർക്കും നല്ലത് വന്നിട്ടില്ല.ഞാനൊരു ഭാഗ്യദോഷിയാണ്.

അയ്യോ അല്ല. ഇവരെപ്പോലെ കണ്ണിന് മഞ്ഞളിപ്പ് ഉള്ളോർ ക്കെല്ലാം എല്ലാം മഞ്ഞയായേ തോന്നൂ.... നീ കഴിക്ക് അത് കാര്യമാക്കേണ്ട.

അവളുടെ ഈ മറുപടി കേട്ട് അവൻ അവളോട് പറഞ്ഞു. അവ ളുടെ ഈ മറുപടി കേട്ട് അവൻ അവളോട് പറഞ്ഞു. നീ... നീ എന്ന ◌ും എന്റെ മനസ്സിൽ ദൈവമാണ്. നിന്നെ ഞാൻ കണ്ടിട്ടില്ല. നിന്റെ ര ◌ൂപം അതെനിക്കറിയില്ല. എന്നാലെന്റെ മനസ്സിലെ ഒരു പ്രതിഷ്ഠയു ണ്ട് എന്നെപ്പോലുള്ള അന്ധൻമാർക്കു മാത്രം കാണാവുന്ന പ്രതിഷ്ഠ ഇന്നുമുതൽ ആ ദൈവത്തിന്റെ പേര് ലക്ഷ്മി എന്നാണ്. എന്ന് പറഞ്ഞ് അവൻ അവളെ തൊഴുതു നിന്നു.


ക്ലാസ് കഴിഞ്ഞ് വീട്ടിലേക്ക് പോകുമ്പോൾ പെട്ടെന്ന് എവിടെ നിന്നോ ഒരു വണ്ടി വന്ന് സത്യയെ തട്ടി എന്നാണ് കണ്ടുനിന്നവർ

പറഞ്ഞത്. പക്ഷേ അവന്റെ അമ്മ അവന്റെ വികൃതമായ ചേതനയറ്റ ശരീരം കണ്ട് പറഞ്ഞത് ഇതാണ്- ദൈവം എന്റെ ...എന്റെ.. പ്രാർ ത്ഥന കേട്ടിരിക്കുന്നു. ഈ...ദുരിതക്കടലിൽനിന്ന് അവനെ...അവനെ സ്വന്തം തിരുസന്നിധിയിലേക്ക് തിരിച്ച് വിളിച്ചിരിക്കുന്നു. എന്റെ ആഗ്രഹം പോലെ അവനെ വിശപ്പിന്റെ വേദനയറിയിക്കാതെ അവസാന അന്നം നൽകി അവനെ കാത്തിരിക്കുന്നു. ഈ ദൈവത്തിന് നന്ദിയുണ്ട്, ഒരുപാട്...ഒരുപാട് നന്ദിയുണ്ട്. എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞു. അവന്റെ നെറ്റിയിൽ അവസാനചുമ്പനം നൽകി, അമ്മ വീണ്ടും കരഞ്ഞു.പിന്നെയയും നന്ദി പറഞ്ഞു. അവസാന അന്നവും ജലവും നൽകിയതിന് നന്ദി.... പിന്നീട് ആ അമ്മയെ ജീവനോടെ കാണാൻ ആർക്കും സാധിച്ചിട്ടില്ല. അമ്മ...അമ്മ... കണ്ണീർ വാർന്ന് മരണമടഞ്ഞു.....അല്ല മകന്റെ കൂ ടെ ഈശ്വരന് നന്ദി പറയാൻ വേണ്ടി പോയി.

വിനീത
9-H

# നിശാഗന്ധി

വിരിയുക, മണം പരത്തുക
എനിക്കു മാത്രമായ്
അലിയട്ടെ ഞാനിന്നീ
വശ്യ സുഗന്ധത്താൽ
അനാഘ്രാത കുസുമം നീ-
യെനിക്കായ് വിരിഞ്ഞവൾ
ഉതിർക്കുകീ,, ചുണ്ടിലൊ_
രു മന്ദസ്മിതമെനിക്കു
മാത്രമായ്,,, പുലരിയെത്തും മുമ്പെ
രിഞ്ഞൊടുങ്ങുക
നീ... നിശാഗന്ധി
നിശയുടെ മാത്രം കാമിനി



(കവിത കോവൂർ)

# The Car

There was a boy in a small village. His name was Ramu. He was very poor. His father was a pot maker. He earn only a small amount in a day.

Ramu's mother died after his birth. Since then his father was looking him. He was studying in $10^{th}$. He was a mediocre student. He was very much interested in cars. The only dream he had in his mind was to own a luxurious car. He was ready to do anything to fulfil his dream.

One day Ramu's father noticed him crying bitterly. When asked he told him what happened. While returning home after school, Ramu, saw a new car on the way. He liked the car very much wanted it. But his poor father couldn't even imagine to buy a car. So he talked to his son and his words disappointed Ramu.

The next day Ramu went away from is home. His father searched for him every where he could. But the search was in vain.

The next day Ramu understood his father's condition.

Then he came to the his home. And he looked for his father. The father was lying in the bed. He called his father loudly. But father had already left the world.

Gagan B Raj

9 G

# अजनबी

ढूँढ रही हूँ मैं अपने आप को
जीवन यात्रा  में कहीं खो गये मेरे अपनापन को ।
आगे- पीछे, आर- पार देखे बिना दौड़ते वक़्त
कहीं खो गयी मेरी सहजता को ।
अब जो मैं हूँ , मैं नहीं हूँ
हँसती हूँ , रोती हूँ , बातें करती हूँ
दिल से नहीं दिमाग से , मगर
एक ज़माना ऐसा था
मैं भी हँसती , रोती खुल्लमखुल्ला ,
अट्टहास करते रहे रीतियों और रूढियों ने ।
डर-डरकर, दबा- दबाकर, छिपा-छिपाकर
रख लिया मैं ने मन के 'लोकर ' में
मेरी अपनी चिंताओं, आशाओं और सपनों को ।
अब तो 'फिट ' हूँ मैं ज़माने का,मगर
दिल मेरा कहता यह तुम, तुम नहीं हो
यही विडंबना है ज़माने का  !
अब तो मैं भी एक हूँ उन चेहरेहीनों में
हो गया हूँ मैं अब अपने-आप को अजनबी
मुझे खुद को अजनबी बना दिये
हे काल,बता  तू कौन ?
रक्षक या भक्षक  ?

\- सुभाषिणी चंपयिल-

# ജ്ഞാനപീഠം അക്കിത്തത്തിന്

അങ്ങനെ ഒരിക്കൽ കൂടി മലയാളത്തിലേക്ക് ജ്ഞാനപീഠം പുരസ്കാരം കടന്നു വന്നിരിക്കുന്നു. മലയാളത്തിലെ കവി കാരണവരായ അക്കിത്തത്തിനാണ് ജ്ഞാനപീഠം ലഭിച്ചത്. ഒരു കണക്കിൽ നോക്കിയാൽ വളരെ മുമ്പ് തന്നെ കവിക്ക് ലഭിക്കേണ്ടതാണീ പുരസ്കാരം.



മറ്റുള്ളവരുടെ വേദന തന്റേതാക്കിയ കവിയാണ് അക്കിത്തം. "ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർക്കായി ചെലവാക്കവേ ഹൃദയത്തിലുലാവുന്നു നിത്യ നിർമല പൗർണമി" എന്ന് എഴുതിയ കവിയെ മലയാളി വായനക്കാർക്ക് ഇഷ്ടമാവുന്നത് അദ്ദേഹത്തിന്റെ നിരുപാധിക സ്നേഹംകൊണ്ടാണ്.

ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസമാണ് അക്കിത്തത്തെ ഏറ്റവും ശ്രദ്ധേയനാക്കിയ കവിത. ലോകനിരീക്ഷണത്തിന്റെ ഔന്നത്യമാണ് ആ കവിത മുന്നോട്ട് വെച്ചത്. ഇരുപതാംനൂറ്റാണ്ടിലെ മനുഷ്യന്റെ ശക്തിയെയും കഴിവിനേയും മുൻകൂട്ടി കാണുകയാണ് അക്കിത്തം. ഇടിഞ്ഞു പൊളിഞ്ഞലോകം, പണ്ടത്തെ മേൽശാന്തി, ബലിദർശനം, അക്കിത്തം കവിതകൾ, അക്കിത്തത്തിന്റെ കുട്ടിക്കവിതകൾ എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റുകൃതികൾ.

സോളമൻ ജെ ജെ
8G

ദ്യുതി

GMHSS CU CAMPUS

# ബോധം

ഒടുവിൽ പ്രതികാരമെന്ന
തത്ത്വം നീയും പഠിച്ചുവോ,
നിന്റെ മേഘങ്ങൾ വിഷം തുപ്പി
ഇടിമിന്നലുകൾ മരണ കാഹളം
മുഴക്കി, വിള്ളൽ വീണ ഓസോണിലൂടെ
നീ വിഷവെളിച്ചം തെളിയിച്ചു
മോണ കാട്ടി വിഷപദാർത്ഥങ്ങളുമേന്തി
നിന്റെ നദികൾ ഒഴുക്കുനിർത്തി
നിന്നെ പഴിക്കാൻ ഞാനില്ല
ക്ഷമയുടെ ചില്ലുപാത്രം തച്ചുടച്ചതിൽ
എന്റെ കൈകളും പങ്കാളിയാണ്.

ഹുദ ഹനാൻ
9B

# DRUGS and LIFE

You made me forget about the past
You gave me all the happiness back
You gave me such pleasure
But it came at a bigger cost
My family, friends and dreams
all this i have lost
now i sit in my room
With all the paining words of society
I feel trapped inside my own mind
I touch my pillow and cried
because I'm so disappointed with myself
so many things i regret
My biggest regret, is the day me met
now I'm dying of you
double the happiness which
I got from you
I had such aspirations and dreams
to pursue
Now to get high is all that i want to

Varshini V
9 E

# *വലയ സൂര്യഗ്രഹണം*

വലയ സൂര്യ ഗ്രഹണത്തെ കാത്തിരിക്കാൻ തുടങ്ങിയിട്ട് ദിവസങ്ങളായി.കൃഷ്ണമാമൻ സൗരക്കണ്ണട അച്ചന്റെയെടുത്ത് കൊടുത്തു വിട്ട അന്ന് തുടങ്ങിയിരുന്നു എന്റെ കാത്തിരിപ്പ്. അങ്ങനെ ഡിസംബർ 26 വന്നെത്തി.ഞാനും അച്ഛനും സോളമനും ചേർന്ന് വീടിനു മുകളിൽ കയറി. ഒരു തടസവുമില്ലാതെ കാഴ്ച. കിഴക്ക് സൂര്യൻ ജ്വലിച്ചു തു ടങ്ങിയിരുന്നു. എപ്പോഴാവും ചന്ദ്രൻ സൂര്യനെ മറക്കുക. കണ്ണട വച്ച് നോക്കി, ആശ്ചര്യം.. സദ്യക്കു വിളമ്പുന്ന വലിയ പപ്പടത്തെ ആർത്തിപ്പൂ ണ്ടു ആരോ കടിച്ച പോലെ സൂര്യന്റെ അരിക് മുറിഞ്ഞിരിക്കുന്നു. ഞാന ും സോളമനും കണ്ണകൾ മാറി മാറി വച്ച് നോക്കി. ചന്ദ്രന്റെ നിഴൽ പടര ുന്നതിനസുരിച്ച് ഇരുട്ട് പരക്കുന്നു. പക്ഷികൾ നിശബ്ദരാകുന്നുണ്ട്. നിഴലുകൾ ചന്ദ്രകല പോലെ വളയുന്നു. കാത്തിരിപ്പിനൊടുവിൽ ചന്ദ്രൻ സൂര്യനെ മുഴുവനായി മറച്ചു. അരികുകളിലൂടെ വെളിച്ചത്തിന്റെ മുതിര വളയം.

വീട്ടിന്റെ പൂമുഖത്തിരുന്ന് അമ്മയും അടുത്ത വീട്ടിലെ കൂട്ടുകാരും ഗ്രഹണം കാണുന്നതിന്റെ ആഹ്ലാദാരവങ്ങൾ. ഒരു കാര്യം പറയട്ടെ. അട ുത്ത വീട്ടിലൊരാൾ ഗ്രഹണ സമയത്ത് വാതിലടച്ചിരുന്ന് പ്രാർ ത്ഥനയിലായിരുന്നത്രേ. ഇനിയും വെളിച്ചം കടക്കാത്ത വിചാരങ്ങളു മായി നടക്കുന്നവരും നമുക്ക് ചുറ്റിനും ഉണ്ട് എന്ന് ഓർത്തപ്പോൾ എന്തോ ഒരിത്......

ഷാരോൺ

8-G

# GERONIMO STILTON

Geronimo Stilton is my favourite cartoon character. I love his books and cartoons.

He is running a newspaper but his true passion is writing adventure stories. Here in New Mouse City, the capital of Mouse Island, his books are all bestsellers! His stories are funny, fa-mouse-ly funny. They are whisker – lickiny- good tales, and that's a promise.

I red his 3 books. I was reading a book of his in this time. I watched so many cartoons of him.



Gagan.B.RAJ
9G

वृद्धाश्रम – एक सांस्कृतिक चुनौती (लघु – लेख)

आज वृद्धाश्रमों की संख्य़ा बहुत वृद्धि हो रही है। केरल में भी अन्य़ राज्य़ों की अपेक्षा वृद्धाश्रमों की संख्य़ा ज़य़ादा है। वृद्धों का देखभाल , उनका भरण पोषण एवं सुरक्षा केलिए परिवार से बढ़कर  और कोई दूसरा स्थान नहीं है। आज वृद्धजनों को रहने केलिए शहरों में  काँलनिय़ाँ का आविर्भाव हो रहा है। हम य़ह भूल जाते है कि हमारे परिवार को बनाए रखने किलए उनका महत्वपूर्ण य़ोगदान बहुत बडा है। किसी भी परिस्थिति में हमें इन्हें वृद्धाश्रम में छोडना उचित नहीं है। य़ह एक प्रगतिशील समाज का लक्षण नहीं है।

हमारी संस्कृति ने हमें य़ही सिखाय़ा है कि माता पिता ईश्वर के समान है । वृद्धों की निन्दा ईश्वर की निन्दा है। हमें वृद्धों का संरक्षण करनेवाली देवभूमी चाहिए।

कवि अरुण कमलजी अपनी कविता ' प्रभु का घर ' में य़ह दिखाते है कि बूढे लोग गुरू और भगवान के समान है। कविता की पंक्तिय़ाँ ऐसे प्रस्तुत करते हैं–

“ वह रास्ता बस बूढे चलाते थे
बूढे ही बनाते बूढे ही परोसते
बूढे ही बेचते बूढे ही खरीदते
पूरा रकवा खचाखच भरा था बूढों से “

अर्थात् बूढे लोगों की महानता उतनी बड़ी है। वे प्रभु के घर में रहने य़ोग्य़ है, अनुभव से ज्ञान मिलनेवाले पंडित जैसे लोग है। उनको प्रय़ोजनहीन मानकर छोडनेवाले लोग, वास्तव में मानवता का अपमान है। असल में, वृद्धों के वृद्धाश्रम में छोडकर आने का अर्थ है - हम अपने को भूल जाना।

उपभोग करना और फेंक देना संस्कृति (Use and throw culture) से प्रभावित वर्तमान नई पीढ़ी वृद्ध माँ बाप को सिर्फ एक भौतिक वस्तु की तरह मानती है और उपभोग करने के बाद कूड़ों के समान उनकी उपेक्षा भी कर देते है। य़ह मानसिकावस्था हमारी संस्कृति केलिए उचित नहीं है। क्य़ोंकि बूढ़े लोग हमारे समाज की अमूल्य़ निधि है। इनका संरक्षण करना हम सबका उत्तरदाय़ित्व है।

पुष्पा. सी वी

# बच्चू के पापा ( छोटी कहानी )

**बच्चू** रोज़ पापा के स्कूटर पर स्कूल जाया करता । पापा जब बिना हेलमट के स्कूटर चलाते तो उसे टीचर की बातों की याद आती  पापा जब एक हाथ से हैंडिल थामे दूसरे से मोबइस यूस करते तब भी उसे टीचर की बातें याद आती। एकाएक दिनों में स्कूटर के पीछे बैठे बैठे उसे लगता कि पापा के स्कूचर के पहिए सड़क को छूते ही नहीं...

किसी हरी लाल बत्ती तो उसे पवाह ही नहीं । एक बार सीब्रा लाइन से गुज़रते स्कूली **बच्चों के सामने से हमारे स्कूटर** इस तरह उड़ गयी कि शायद ही उन्हें पता चला है कि कौनसी गाज़ी के चुंबन से से वे बाल बाल वच गये । जब मैं पुलीस मामा की सीटी के बारे में बताता तो वे मुझे इस तरह अनदेखा करते ही स्कूटर उड़ाते- उड़ाते वे मुझे भी भुल गये हैं । एक दिन मुझे स्कूल छोड़ पापा अपने ओफीस की तरफ अगली उड़ान भरने ही वाला था कि मैं ने वह बात पूछ ही ली । "पापा, आप कभी स्कूल गये  गये है क्या ? " पापा हैरान हो गया ।"क्यों बेटा? अगर में स्कूल नहीं जाता तो मै इतना बड़ा अफसर कैसे बनता ?  "।**बच्चू** को उतना क्लियर नहीं हुआ। " पापा, स्कूल से सुनी पढ़ी बातों  का जीवन में इस हद तक अनदेखा कर सकते हैं तो आप इतना रिस्क लेकर मुझे रोज़ क्यों ले आते है ?

विनीष सी .ओ (अध्यापक )


ജി.എം.എച്ച്.എസ്.എസ് സിയു. ക്യാംപസ് 2017 – 18
അഭിമാനത്തോടെ.... ആഹ്ലാദത്തോടെ....
സംസ്ഥാന തലം
ജില്ലാതലം
സംസ്കൃതം സ്കോളർഷിപ്പ് നേടിയവർ
സ്റ്റാഫ് & പി. ടി. എ


അഭിമാനത്തോടെ!
ജി. എം. എച്ച്. എസ്. എസ്. സി. യു ക്യാമ്പസ്
USS വിജയികൾ
(2017 – 18)


ജി.എം.എച്ച്.എസ്.എസ് CU കാമ്പസ്
സംസ്ഥാന സ്കൂൾ കലോത്സവം, ശാസ്ത്രമേള എന്നിവയിൽ
കാമ്പസ് സ്കൂളിന്റെ യശസ്സുയർത്തിയ സർഗ്ഗ പ്രതിഭകൾ
അധ്യാപകരുടെയും സഹപാഠികളുടെയും
ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ


MARCH 2018 SSLC RESULT
പരീക്ഷ എഴുതിയവർ - 437
വിജയശതമാനം - 98%
SAY പരീക്ഷയ്ക്ക് ശേഷം - 100%
എല്ലാ വിഷയത്തിലും A+ നേടിയവർ - 48 (10%)
9 A+ നേടിയവർ - 30
ചരിത്ര വിജയം


JRC
മരം ഒരു വരം








കായികലോകം


DISTRICT THROW BALL
CHAMPIONSHIP
FIRST RUNNER-UP




MALAPURAM REV DIST BASEBALL
WINNERS 8 PLAYERS FROM OUR SCHOOL


MALAPURAM REV DIST JR HANDBALL
WINNERS 7 PLAYERS FROM OUR SCHOOL


MALAPURAM REV DIST
THROWBALL TEAM


MALAPURAM REV DIST SR HANDBALL
WINNERS 3 PLAYERS FROM OUR SCHOOL


MALAPURAM REV DIST
SOFTBALL CHAMPIONS
6PLAYERS FROM OUR SCHOOL


MALAPURAM REV DIST
BASEBALL TEAM


UP FOOTBALL FEST







SCHOOL LIBRARY


SCHOOL LIBRARY


NOON MEAL PROJECT



NOON MEAL PROJECT


GOVT. MODEL HIGHER SECONDARY SCHOOL
Calicut University Campus, Calicut University Ph: 0494 2400446
തകർപ്പൻ നേട്ടങ്ങളുമായി വീണ്ടും കാമ്പസ് സ്കൂൾ
പൂർണ്ണമായും ഹൈടെക് സ്മാർട്ട് ക്ലാസ്സ് റൂമുകൾ
SSLC 99.5% വിജയം
മികവുകൾ 2018 – 19
അഭിമാനകരമായ വിജയം നേടിത്തന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ
46 FULL A+
22 പേർക്ക് 9 A+
21 പേർക്ക് USS
കലാ കായിക ശാസ്ത്ര പ്രവർത്തി പരിചയ മേളകളിൽ തുടർച്ചയായ നേട്ടങ്ങൾ.
സംസ്ഥാന ദേശീയ കായിക മേളകളിൽ പങ്കാളിത്തം
സ്കൗട്ട് & ഗൈഡ്സ്, JRC
ലിറ്റിൽ കൈറ്റ്സ്
ADMISSION FOR
STD V-X
ENGLISH MALAYALAM MEDIUM CLASSES

# ചിത്രശാല


S.B
NIRANJANA.V
Scanned with
CamScanner


Scanned with
CamScanner


Angel Grace Roy
10-G
Scanned with CamScanner


Scanned with CamScanner

# നന്ദി

പഠനവും പരീക്ഷയും വിട്ടൊഴിയാത്ത ജീവിതത്തിനോട് പോരാടി കുതിക്കുന്നിതിനിടയിൽ 'ഡിജിറ്റൽ മാഗസിൻ' എന്ന ആശയം മുന്നോട്ട് വെച്ചവർക്കും, അതിൽ പങ്കാളികളായവർക്കും അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.